# അദ്ധ്യായം: 79 - അന്നാസിആത്

**ഉള്ളടക്കം**

അന്ത്യനാളും മരണാനന്തര ജീവിതവും സ്ഥിരീകരിക്കുകയാണ് ഈ സൂറയുടെ ഉള്ളടക്കം. ഒപ്പം ദൈവദൂതനെ തള്ളിക്കളയുന്നതിന്റെ അനന്തരഫലത്തെക്കുറിച്ച് താക്കീതുനൽകുകയും ചെയ്യുന്നു. പ്രഭാഷണത്തിൽ മരണവേളയിൽ ജീവനെ പിടിച്ചെടുക്കുന്നവർ, ദൈവാജ്ഞകൾ തൽക്ഷണം നടപ്പാക്കുന്നവർ, ദൈവാജ്ഞപ്രകാരം പ്രപഞ്ചസാകല്യത്തെ സംവിധാനിച്ചുകൊണ്ടിരിക്കുന്നവർ എന്നിങ്ങനെയുള്ള വിവിധ വിഭാഗം മലക്കുകളെ പിടിച്ച് ആണയിട്ടുകൊണ്ട് ബോധ്യപ്പെടുത്തുന്നു: പുനരുത്ഥാനം സംഭവിക്കുക അനിവാര്യമാകുന്നു. മരണാനന്തര ജീവിതത്തെയും തീർച്ചയായും നേരിടേണ്ടിവരുകതന്നെ ചെയ്യും. ഇന്ന് നിങ്ങളുടെ ജീവനെ പിടികൂടുന്നത് ഏതു മലക്കുകളുടെ കൈകളാണോ, നിങ്ങൾക്ക് വീണ്ടും ജീവൻ ഇട്ടുതരാനും അവരുടെ കൈകൾക്ക് കഴിയും. ഇന്ന് അല്ലാഹുവിന്റെ ആജ്ഞകൾ തൽക്ഷണം പ്രാവർത്തികമാക്കുകയും പ്രാപഞ്ചിക വ്യവസ്ഥകൾ പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇതേ മലക്കുകൾക്ക് നാളെ ദൈവാജ്ഞയനുസരിച്ച് ഈ വ്യവസ്ഥ താറുമാറാക്കാനും മറ്റൊരു വ്യവസ്ഥ സ്ഥാപിക്കാനും സാധിക്കും. തുടർന്ന് മനുഷ്യരോട് പറയുന്നു: നിങ്ങൾ അസംഭവ്യമായിക്കരുതുന്ന ഇക്കാര്യം അല്ലാഹുവിന് ഒട്ടുംതന്നെ ദുഷ്കരമല്ല. അവനെ സംബന്ധിച്ചിടത്തോളം അതിന് വിപുലമായ തയ്യാറെടുപ്പുകളൊന്നും ആവശ്യമില്ല. ഒന്നു കുടയുകയേ വേണ്ടൂ, ഈ ലോകവ്യവസ്ഥയാകെ താറുമാറായിപ്പോകാൻ. മറ്റൊരു ലോകത്ത് നിങ്ങൾ സ്വയം ജീവിച്ച് ഉയർന്നുവരാൻ മറ്റൊരു കുടച്ചിൽ കൂടി ധാരാളം മതിയാകും. അന്നേരം, അതിനെ നിഷേധിച്ചിരുന്നവർ ഭയംകൊണ്ട് വിറകൊള്ളും. തങ്ങൾ അസംഭവ്യമെന്ന് കരുതിയിരുന്നതൊക്കെയും സംഭവിച്ചുകൊണ്ടിരിക്കുന്നതുകണ്ട് അവരുടെ കണ്ണുകൾ തള്ളിപ്പോകും.

അനന്തരം മൂസാ(അ)യുടെയും ഫറവോന്റെയും ചരിത്രം സംക്ഷിപ്തമായി പ്രസ്താവിച്ചുകൊണ്ട് ജനങ്ങളെ താക്കീതുചെയ്യുകയാണ്: ദൈവദൂതനെ വ്യാജനെന്നു തള്ളിപ്പറയുക, അദ്ദേഹത്തിന്റെ മാർഗദർശനം തള്ളിക്കളയുക, കുതന്ത്രങ്ങളിലൂടെ അദ്ദേഹത്തെ തോൽപിക്കാൻ നോക്കുക - ഇതിന്റെയൊക്കെ ഫലമായി ഫറവോനുണ്ടായ പര്യവസാനത്തിൽനിന്ന് പാഠമുൾക്കൊണ്ട് ആ നിലപാടിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ അതേ പര്യവസാനം നിങ്ങൾക്കും നേരിടേണ്ടിവരും.

അതിനുശേഷം 27 മുതൽ 30 വരെ സൂക്തങ്ങളിൽ പരലോകത്തിന്റെയും മരണാനന്തര ജീവിതത്തിന്റെയും തെളിവുകൾ പറയുന്നു: ഈ പ്രകൃതത്തിൽ ഒന്നാമതായി പരലോക നിഷേധികളോടു ചോദിക്കുന്നു, നിങ്ങളെ സൃഷ്ടിക്കുന്നതാണോ അതല്ല, എണ്ണമറ്റ നക്ഷത്രങ്ങളും ഗോളങ്ങളുമായി ഉപരിലോകത്ത് പരന്നുകിടക്കുന്ന ഈ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്നതാണോ ഏറെ പ്രയാസകരം? ഈ പ്രപഞ്ചം സൃഷ്ടിക്കാൻ പ്രയാസമുണ്ടായിട്ടില്ലാത്തവന് നിങ്ങളെ രണ്ടാമതും സൃഷ്ടിക്കുക പ്രയാസകരമായിത്തീരുന്നതെങ്ങനെയാണ്? ഒറ്റവാക്യത്തിൽ, പരലോകസാധ്യതയ്ക്കുള്ള അനിഷേധ്യമായ ഈ ന്യായമുന്നയിച്ച ശേഷം ഭൂമിയിൽ മനുഷ്യരുടെയും ഇതര ജന്തുജാലങ്ങളുടെയും നിലനിൽപിനുവേണ്ടി സജ്ജീകരിക്കപ്പെട്ടിട്ടുള്ള

സാധനസാമഗ്രികളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. അതിലെ ഓരോ വസ്തുവും അത്, ഏതോ ലക്ഷ്യപൂർത്തീകരണത്തിനു വേണ്ടി തികഞ്ഞ ആസൂത്രണത്തോടെ നിർമിക്കപ്പെട്ടതാണെന്ന് അസന്ദിഗ്ധമായി സാക്ഷ്യം വഹിക്കുന്നുണ്ട്. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് മനുഷ്യബുദ്ധിയിലേക്ക് ഒരു ചോദ്യം ഇട്ടുതന്നിരിക്കുകയാണ്, അവർ സ്വയം ചിന്തിച്ച് അഭിപ്രായം രൂപീകരിക്കാൻ. യുക്തിയുക്തമായ ഈ വ്യവസ്ഥയിൽ മനുഷ്യനെപ്പോലൊരു സൃഷ്ടിയിൽ അധികാര- സ്വാതന്ത്ര്യങ്ങളും ഉത്തരവാദിത്വങ്ങളും നിക്ഷേപിച്ചിട്ട് അതേപ്പറ്റി അവൻ വിചാരണ ചെയ്യപ്പെടുക എന്നതാണ് ഏറെ യുക്തിസഹമായിട്ടുള്ളതെന്നു തോന്നുന്നുണ്ടോ, അതോ, ഈ അധികാര-സ്വാതന്ത്ര്യങ്ങൾ എങ്ങനെ ഉപയോഗിച്ചുവെന്നും ഉത്തരവാദിത്വങ്ങൾ എപ്രകാരം നിർവഹിച്ചുവെന്നും ഒരിക്കലും വിചാരണ ചെയ്യപ്പെടാതെ മനുഷ്യൻ മണ്ണടിഞ്ഞു നിശ്ശൂന്യനായിപ്പോകണം എന്നാണോ സാമാന്യബുദ്ധി താൽപര്യപ്പെടുന്നത്?

34 മുതൽ 41 വരെ സൂക്തങ്ങളിൽ പറയുന്നതിതാണ്: പരലോകം നിലവിൽ വരുമ്പോൾ മനുഷ്യന്റെ അനന്തമായ ഭാവിയുടെ ഭാഗധേയം തീരുമാനിക്കപ്പെടുന്നതിനുള്ള മാനദണ്ഡം ഇതായിരിക്കും: അവൻ ഭൗതികജീവിതത്തിൽ ദൈവത്തോടുള്ള അടിമത്തത്തിന്റെ പരിധി ലംഘിച്ചിട്ടുണ്ടോ? ദൈവധിക്കാരമനുവർത്തിച്ചിട്ടുണ്ടോ? ഭൗതികനേട്ടങ്ങളെയും സുഖങ്ങളെയുമാണോ അവൻ ജീവിതലക്ഷ്യമായി വരിച്ചത്? അതല്ല, അവൻ തന്റെ സ്രഷ്ടാവിനോട് മറുത്തുനിൽക്കാൻ ഭയന്നവനാണോ? അവിഹിതമായ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിൽനിന്ന് സ്വയം മാറിനിന്നവനാണോ? ഈ വചനങ്ങൾ ധാർഷ്ട്യവും ധിക്കാരവുമില്ലാതെ സത്യസന്ധമായി ചിന്തിക്കുന്ന ആർക്കും മേൽപറഞ്ഞ ചോദ്യത്തിന്റെ ശരിയായ ഉത്തരം വിശദീകരിച്ചുകൊടുക്കുന്നു. കാരണം, മനുഷ്യന് ഭൗതികലോകത്ത് അധികാര-സ്വാതന്ത്ര്യങ്ങളും ഉത്തരവാദിത്വങ്ങളും അർപ്പിക്കപ്പെടുന്നതിന്റെ യുക്തിപരവും നൈയാമികവും ധാർമികവുമായ താൽപര്യം, അതിന്റെ അടിസ്ഥാനത്തിൽ ഒടുവിൽ അവന് വിചാരണാവിധേയനാവുകയും രക്ഷാശിക്ഷകൾ നൽകപ്പെടുകയും ചെയ്യുക എന്നതുതന്നെയാകുന്നു.

അവസാനമായി, മക്കയിലെ അവിശ്വാസികൾ ഉന്നയിച്ചുകൊണ്ടിരുന്ന, 'ഉയിർത്തെഴുന്നേൽപ് എന്നാണ് നടക്കുക' എന്ന ചോദ്യത്തിനു മറുപടി നൽകിയിരിക്കുന്നു. ഈ ചോദ്യം നബി(സ) തിരുമേനിയോട് അവർ നിരന്തരം ആവർത്തിച്ചിരുന്നതാണ്. അതിന്റെ സമയം അല്ലാഹുവല്ലാതെ ആരും അറിയുന്നില്ല എന്നാണ് മറുപടിയരുളിയിരിക്കുന്നത്. അങ്ങനെയൊരു സമയം അനിവാര്യമായും വന്നെത്തുമെന്ന് മുന്നറിയിപ്പു നൽകുക മാത്രമാകുന്നു പ്രവാചകന്റെ ദൗത്യം. ഇനി ഇഷ്ടമുള്ളവൻ അതിന്റെ ആഗമനത്തെ ഉൾക്കൊണ്ട് സ്വന്തം നടപടി നന്നാക്കിക്കൊള്ളട്ടെ. അല്ലാത്തവൻ കയറില്ലാതെ അനിയന്ത്രിതമായി ചരിക്കട്ടെ. ആ നാൾ വന്നണയുമ്പോൾ, ഈ ലോകത്ത് ജീവിച്ചു മണ്ണടിഞ്ഞുപോവുകയും ആകെക്കൂടി സംഭവിക്കാനുള്ളത് അത്രയേയുള്ളൂ എന്നു കരുതുകയും ചെയ്തിരുന്നവർക്കു തോന്നും, ഭൗതികലോകത്ത് തങ്ങൾ ഒരു നാഴിക നേരമേ വസിച്ചിട്ടുള്ളൂ എന്ന്. ഏതാനും നാളത്തെ ഈ ഭൗതികജീവിതത്തിനുവേണ്ടി അനന്തമായ സ്വന്തം ഭാവിയെ തങ്ങൾ എവ്വിധമാണ് നശിപ്പിച്ചുകളഞ്ഞതെന്ന് അപ്പോൾ അവർക്കു മനസ്സിലാകും.

# سُورَةُ النَّازِعَاتِ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَٱلنَّٰزِعَٰتِ غَرۡقٗا ﴿١﴾ وَٱلنَّٰشِطَٰتِ نَشۡطٗا ﴿٢﴾ وَٱلسَّٰبِحَٰتِ سَبۡحٗا ﴿٣﴾ فَٱلسَّٰبِقَٰتِ سَبۡقٗا ﴿٤﴾
فَٱلۡمُدَبِّرَٰتِ أَمۡرٗا ﴿٥﴾ يَوۡمَ تَرۡجُفُ ٱلرَّاجِفَةُ ﴿٦﴾ تَتۡبَعُهَا ٱلرَّادِفَةُ ﴿٧﴾ قُلُوبٞ يَوۡمَئِذٖ وَاجِفَةٌ ﴿٨﴾
أَبۡصَٰرُهَا خَٰشِعَةٞ ﴿٩﴾ يَقُولُونَ أَءِنَّا لَمَرۡدُودُونَ فِي ٱلۡحَافِرَةِ ﴿١٠﴾ أَءِذَا كُنَّا عِظَٰمٗا نَّخِرَةٗ ﴿١١﴾
قَالُواْ تِلۡكَ إِذٗا كَرَّةٌ خَاسِرَةٞ ﴿١٢﴾ فَإِنَّمَا هِيَ زَجۡرَةٞ وَٰحِدَةٞ ﴿١٣﴾ فَإِذَا هُم بِٱلسَّاهِرَةِ ﴿١٤﴾
هَلۡ أَتَىٰكَ حَدِيثُ مُوسَىٰٓ ﴿١٥﴾ إِذۡ نَادَىٰهُ رَبُّهُۥ بِٱلۡوَادِ ٱلۡمُقَدَّسِ طُوًى ﴿١٦﴾ ٱذۡهَبۡ إِلَىٰ فِرۡعَوۡنَ
إِنَّهُۥ طَغَىٰ ﴿١٧﴾ فَقُلۡ هَل لَّكَ إِلَىٰٓ أَن تَزَكَّىٰ ﴿١٨﴾ وَأَهۡدِيَكَ إِلَىٰ رَبِّكَ فَتَخۡشَىٰ ﴿١٩﴾ فَأَرَىٰهُ ٱلۡأٓيَةَ ٱلۡكُبۡرَىٰ ﴿٢٠﴾
فَكَذَّبَ وَعَصَىٰ ﴿٢١﴾ ثُمَّ أَدۡبَرَ يَسۡعَىٰ ﴿٢٢﴾ فَحَشَرَ فَنَادَىٰ ﴿٢٣﴾ فَقَالَ أَنَا۠ رَبُّكُمُ ٱلۡأَعۡلَىٰ ﴿٢٤﴾ فَأَخَذَهُ ٱللَّهُ
نَكَالَ ٱلۡأٓخِرَةِ وَٱلۡأُولَىٰٓ ﴿٢٥﴾ إِنَّ فِي ذَٰلِكَ لَعِبۡرَةٗ لِّمَن يَخۡشَىٰٓ ﴿٢٦﴾ ءَأَنتُمۡ أَشَدُّ خَلۡقًا أَمِ ٱلسَّمَآءُۚ بَنَىٰهَا ﴿٢٧﴾
رَفَعَ سَمۡكَهَا فَسَوَّىٰهَا ﴿٢٨﴾ وَأَغۡطَشَ لَيۡلَهَا وَأَخۡرَجَ ضُحَىٰهَا ﴿٢٩﴾ وَٱلۡأَرۡضَ بَعۡدَ ذَٰلِكَ دَحَىٰهَآ ﴿٣٠﴾
أَخۡرَجَ مِنۡهَا مَآءَهَا وَمَرۡعَىٰهَا ﴿٣١﴾ وَٱلۡجِبَالَ أَرۡسَىٰهَا ﴿٣٢﴾ مَتَٰعٗا لَّكُمۡ وَلِأَنۡعَٰمِكُمۡ ﴿٣٣﴾ فَإِذَا جَآءَتِ
ٱلطَّآمَّةُ ٱلۡكُبۡرَىٰ ﴿٣٤﴾ يَوۡمَ يَتَذَكَّرُ ٱلۡإِنسَٰنُ مَا سَعَىٰ ﴿٣٥﴾ وَبُرِّزَتِ ٱلۡجَحِيمُ لِمَن يَرَىٰ ﴿٣٦﴾
فَأَمَّا مَن طَغَىٰ ﴿٣٧﴾ وَءَاثَرَ ٱلۡحَيَوٰةَ ٱلدُّنۡيَا ﴿٣٨﴾ فَإِنَّ ٱلۡجَحِيمَ هِيَ ٱلۡمَأۡوَىٰ ﴿٣٩﴾ وَأَمَّا مَنۡ خَافَ مَقَامَ
رَبِّهِۦ وَنَهَى ٱلنَّفۡسَ عَنِ ٱلۡهَوَىٰ ﴿٤٠﴾ فَإِنَّ ٱلۡجَنَّةَ هِيَ ٱلۡمَأۡوَىٰ ﴿٤١﴾ يَسۡـَٔلُونَكَ عَنِ ٱلسَّاعَةِ
أَيَّانَ مُرۡسَىٰهَا ﴿٤٢﴾ فِيمَ أَنتَ مِن ذِكۡرَىٰهَآ ﴿٤٣﴾ إِلَىٰ رَبِّكَ مُنتَهَىٰهَآ ﴿٤٤﴾ إِنَّمَآ أَنتَ مُنذِرُ مَن يَخۡشَىٰهَا ﴿٤٥﴾
كَأَنَّهُمۡ يَوۡمَ يَرَوۡنَهَا لَمۡ يَلۡبَثُوٓاْ إِلَّا عَشِيَّةً أَوۡ ضُحَىٰهَا ﴿٤٦﴾

| وَالنَّازِعَاتِ غَرْقًا﴿١﴾<br>വന്നാസിആതി ഗർഖാ | |
|---|---|
| غَرْقًا | وَالنَّازِعَاتِ |
| ഗർഖാ | വന്നാസിആതി |
| മുങ്ങിച്ചെന്ന് | ഊരിയെടുക്കുന്നവയാണ് സത്യം |

**1- മുങ്ങിച്ചെന്ന് ഊരിയെടുക്കുന്നവ സത്യം**

| وَالنَّاشِطَاتِ نَشْطًا﴿٢﴾<br>വന്നാശിത്വാതി നശ്ത്വാ | |
|---|---|
| نَشْطًا | وَالنَّاشِطَاتِ |
| നശ്ത്വാ | വന്നാശിത്വാതി |
| പുറത്തെടുക്കൽ | സൗമ്യമായി പുറത്തെടുക്കുന്നവയാണ് സത്യം |

**2- സൗമ്യമായി പുറത്തേക്കെടുക്കുന്നവ സത്യം**

| وَالسَّابِحَاتِ سَبْحًا﴿٣﴾<br>വസ്സാബിഹാതി സബ്ഹാ | |
|---|---|
| سَبْحًا | وَالسَّابِحَاتِ |
| സബ്ഹാ | വസ്സാബിഹാതി |
| നീന്തൽ | നീന്തുന്നവയാണ് സത്യം |

**3- ശക്തിയായി നീന്തുന്നവ സത്യം**

| فَالسَّابِقَاتِ سَبْقًا﴿٤﴾<br>ഫസ്സാബിഖാതി സബ്ഖാ | |
|---|---|
| سَبْقًا | فَالسَّابِقَاتِ |
| സബ്ഖാ | ഫസ്സാബിഖാതി |
| മുന്നോട്ട് കുതിക്കൽ | എന്നിട്ട് മുന്നോട്ട് കുതിക്കുന്നവയാണ് സത്യം |

**4- എന്നിട്ട് മുന്നോട്ട് കുതിക്കുന്നവ സത്യം**

| فَالْمُدَبِّرَاتِ أَمْرًا﴿٥﴾<br>ഫൽ മുദബ്ബിറാതി അംറാ | |
|---|---|
| أَمْرًا | فَالْمُدَبِّرَاتِ |
| അംറാ | ഫൽ മുദബ്ബിറാതി |
| കാര്യങ്ങൾ | അങ്ങിനെ നിയന്ത്രിക്കുന്നവയാണ് സത്യം |

**5- കാര്യങ്ങൾ നിയന്ത്രിക്കുന്നവ സത്യം!**

ഇവിടെ അഞ്ചു ഗുണങ്ങളുള്ള ശക്തികളെ സാക്ഷികളാക്കുന്നത് എന്തിനുവേണ്ടിയാണ് എന്നു വെളിപ്പെടുത്തുന്നില്ല എങ്കിലും, ഈ സത്യംകൊണ്ട് സ്ഥാപിക്കുന്നത് അന്ത്യനാൾ അനിവാര്യമാണെന്നും മനുഷ്യരാസകലം തീർച്ചയായും സമൂലം പുനരുജ്ജീവിപ്പിക്കപ്പെടുമെന്നുമാണെന്ന് തുടർന്നു പറയുന്ന വിഷയം സൂചിപ്പിക്കുന്നുണ്ട്. നബിയുടെ അനുചരന്മാരും ഖുർആൻ വ്യാഖ്യാതാക്കളിൽ ഏറിയകൂറും അഞ്ചു ഗുണങ്ങളുള്ള ശക്തികളെ കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് മലക്കുകളാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്: 'മുങ്ങിച്ചെന്ന് വലിച്ചെടുക്കുകയും സാവകാശം പുറത്തുകൊണ്ടുവരുകയും ചെയ്യുന്നവർ എന്നതുകൊണ്ടുദ്ദേശ്യം മരണത്തിന്റെ മലക്കുകളാണ്. അവർ മനുഷ്യശരീരത്തിന്റെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലുകയും ഓരോരോ ഞരമ്പുകളിൽനിന്നും ജീവനെ ഊരി പുറത്തെടുക്കുകയും ചെയ്യുന്നു.' 'അതിശീഘ്രം നീന്തിക്കൊണ്ടിരിക്കുന്നവർ എന്നതിന് ദൈവാജ്ഞകൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി അന്തരീക്ഷത്തിൽ നീന്തുകയാണെന്നവണ്ണം അതിശീഘ്രം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മലക്കുകളാണ്.' 'കുതിച്ചു മുന്നേറുന്നവർ എന്നതിന് ദൈവാജ്ഞയുടെ സൂചന കിട്ടുന്ന ക്ഷണം അവരിലോരോരുത്തരും അത് പ്രാവർത്തികമാക്കാൻ കുതിച്ചുപായുന്ന മലക്കുകളാണ്.' 'കാര്യങ്ങൾ നിയന്ത്രിക്കുന്നവർ എന്നതുകൊണ്ടുദ്ദേശ്യം പ്രപഞ്ചസംവിധാനത്തിന്റെ പ്രവർത്തകരായ മലക്കുകളാണവർ. ലോകത്തിന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ആജ്ഞാനുസാരം നടന്നുവരുന്നത് അവരുടെ കരങ്ങളിലൂടെയാണ്'.

ഇവിടെ ഒരു ചോദ്യമുദ്ഭവിക്കുന്നു: മരണാനന്തര ജീവിതത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും സംഭവ്യതയ്ക്ക് ഈ മലക്കുകളെപ്പിടിച്ചാണയിടുന്നതിന് എന്താണ് പ്രസക്തി? അവരെ സാക്ഷ്യവും തെളിവുമായി അവതരിപ്പിക്കുന്നത് ഏതൊരു അഗോചര പ്രതിഭാസത്തിന്റെ സംഭവ്യത സ്ഥാപിക്കാനാണോ, ആ പ്രതിഭാസം പോലെ അഗോചരപ്രതിഭാസങ്ങളാണ് അവയുമെന്നിരിക്കെ?

നമുക്കതിങ്ങനെ മനസ്സിലാക്കാവുന്നതാണ് അല്ലാഹുവാണ് ഏറ്റവുമറിയുന്നവൻ: അറബികൾ മലക്കുകളുടെ അസ്തിത്വം നിഷേധിച്ചിരുന്നില്ല. മരണവേളയിൽ മനുഷ്യന്റെ ജീവൻ പിടിച്ചെടുക്കുന്നത് മലക്കുകൾ തന്നെയാണെന്ന് അവർ അംഗീകരിച്ചിരുന്നു. മലക്കുകൾ അതിവേഗമുള്ളവരാണെന്നും നിമിഷനേരം കൊണ്ട് അവർ ഭൂമിയിൽനിന്ന് ആകാശത്തേക്കും തിരിച്ചും എത്തുന്നുവെന്നും തങ്ങൾക്കു ലഭിക്കുന്ന കൽപനയേതും താമസംവിനാ നിറവേറ്റുന്നവരാണെന്നുമായിരുന്നു മലക്കുകളെക്കുറിച്ചുള്ള അവരുടെ വിശ്വാസം. മലക്കുകൾ ദൈവാജ്ഞയ്ക്കു വിധേയരാണെന്നും ദൈവകൽപനയനുസരിച്ച് പ്രാപഞ്ചികവ്യവസ്ഥകൾ പരിപാലിച്ചുകൊണ്ടിരിക്കുന്നവരാണെന്നും അറബികൾ സമ്മതിക്കുകയും ചെയ്തിരുന്നു. മലക്കുകൾ സ്വയം പരമാധികാരമുള്ളവരോ തങ്ങളുടെ ഇഷ്ടത്തിന്റെ ഉടമകളോ അല്ല. അജ്ഞത മൂലം അവർ മലക്കുകളെ അല്ലാഹുവിന്റെ പുത്രിമാരെന്നു വിളിച്ചിരുന്നുവെന്നത് ശരിയാണ്. അവരെ ആരാധ്യരായി വരിക്കുകയും ചെയ്തിരുന്നു. എങ്കിലും മൗലികമായ പരമാധികാരം മലക്കുകളുടെ ഹസ്തത്തിലുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നില്ല. ഇക്കാരണത്താൽ ഇവിടെ മരണാനന്തര ജീവിതത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും സംഭവ്യതയ്ക്ക് അവരുടെ ഉപരിസൂചിത ഗുണങ്ങള് തെളിവായി ഉന്നയിച്ചതിന്റെ ന്യായമിതാണ്: ഏതൊരു ദൈവത്തിന്റെ ആജ്ഞാനുസാരമാണോ മലക്കുകൾ നിങ്ങളുടെ ജീവൻ പിടിച്ചെടുക്കുന്നത്, അതേ ദൈവത്തിന്റെ ആജ്ഞയനുസരിച്ച് അവർ വീണ്ടും നിങ്ങൾക്ക്

ജീവൻ ഇട്ടുതരുകയും ചെയ്യും. ഏതു ദൈവത്തിന്റെ വിധിയനുസരിച്ചാണോ മലക്കുകൾ പ്രാപഞ്ചിക സംവിധാനം പരിപാലിച്ചുകൊണ്ടിരിക്കുന്നത്, അതേ ദൈവത്തിന്റെ വിധിയനുസരിച്ച് അവർക്കീ പ്രപഞ്ചത്തെ താറുമാറാക്കാനും മറ്റൊരു ലോകം നിർമിക്കാനും കഴിയും. അവന്റെ കൽപന നടപ്പാക്കുന്നതിൽ അവരുടെ ഭാഗത്ത് മുഷിപ്പോ അരസെക്കന്റുപോലും താമസമോ ഉണ്ടായിരിക്കുകയില്ല.

| يَوْمَ تَرْجُفُ الرَّاجِفَةُ﴿٦﴾<br>യൗമ തർജുഫുർറാജിഫ | | |
|---|---|---|
| الرَّاجِفَةُ | تَرْجُفُ | يَوْمَ |
| അർറാജിഫ | തർജുഫു | യൗമ |
| ഘോര പ്രകമ്പനം | ഘോര പ്രകമ്പനം സൃഷ്ടിക്കുന്ന | ദിനം |

## 6- ഘോരസംഭവം പ്രകമ്പനം സൃഷ്ടിക്കും ദിനം;

അന്ത്യ ദിനം സംഭവിക്കുന്നത് ഒന്നാമത്തെ കാഹളം ഊതപ്പെടുമ്പോഴാണ്. ഭൂമിയെയും അതിലെ സകല വസ്തുക്കളെയും തകർത്ത് നശിപ്പിക്കുന്ന പ്രഥമ പ്രകമ്പനമായിരിക്കുമത്. ആകാശഭൂമികളിലുള്ളവരൊക്കെയും അവിടം മരിച്ചുവീഴും.

| تَتْبَعُهَا الرَّادِفَةُ﴿٧﴾<br>തത്ബഉഹാർറാദിഫ | |
|---|---|
| الرَّادِفَةُ | تَتْبَعُهَا |
| അർറാദിഫ | തത്ബഉഹാ |
| പിറകെ വരുന്നത് | അതിനെ പിന്തുടരുന്നു |

## 7- അതിന്റെ പിറകെ മറ്റൊരു പ്രകമ്പനവുമുണ്ടാകും.

മരിച്ചവരെല്ലാം മണ്ണിൽനിന്ന് ഉയിർത്തെഴുന്നേൽക്കുന്നതിന്റെ നാന്ദിയായുണ്ടാകുന്ന പ്രകമ്പനത്തെയാണ് രണ്ടാമത്തേതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഈ അവസ്ഥയെ സൂറ അസ്സുമർ സൂക്തം 28-ൽ ചിത്രീകരിക്കുന്നതിങ്ങനെയാണ്: "കാഹളം ഊതപ്പെടുമ്പോൾ ആകാശഭൂമികളിലുള്ളവരൊക്കെയും മരിച്ചുവീഴുന്നു, ജീവിച്ചിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ച്. പിന്നെ മറ്റൊരിക്കൽക്കൂടി ഊതപ്പെട്ടാലോ, അവരൊക്കെയുമതാ ധൃതിയിൽ എഴുന്നേറ്റുനിന്ന് പകച്ചുനോക്കുന്നു"

| قُلُوبٌ يَوْمَئِذٍ وَاجِفَةٌ﴿٨﴾<br>ഖുലൂബുൻ  യൗമഇദിൻ വ്വാജിഫ | | |
|---|---|---|
| وَاجِفَةٌ | يَوْمَئِذٍ | قُلُوبٌ |
| വാജിഫ | യൗമഇദിൻ | ഖുലൂബുൻ |
| പേടിച്ചുവിറക്കുന്നത് | അന്നേ ദിനം | ചില ഹൃദയങ്ങൾ |

**8- അന്നു ചില ഹൃദയങ്ങൾ പിടയുന്നവയായിരിക്കും.**

വിശുദ്ധഖുർആന്റെ വീക്ഷണത്തിൽ സത്യനിഷേധികളും ധിക്കാരികളും കപടവിശ്വാസികളും മാത്രമേ അന്ത്യനാളിൽ ഭയവിഭ്രാന്തികൾക്ക് വിധേയരാകൂ എന്നതുകൊണ്ടാണ് 'ചില ഹൃദയങ്ങൾ' എന്നു പറഞ്ഞത്. സച്ചരിതരായ വിശ്വാസികൾ ആ ഭീകരതകളിൽനിന്നെല്ലാം സുരക്ഷിതരായിരിക്കും. സൂറ അൽ അമ്പിയാഅ് സൂക്തം 103-ൽ അതേപ്പറ്റി പറയുന്നു: "ആ അതിഭീകരവേളയിൽ അവർ ഒട്ടും പരിഭ്രമിക്കുകയില്ല. മലക്കുകൾ വന്ന് അവരുടെ കരം ഗ്രഹിക്കും: എന്തെന്നാൽ, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ആ ദിനം തന്നെയാണിത്."

| أَبْصَارُهَا خَاشِعَةٌ﴿٩﴾<br>അബ്സ്വാറുഹാ ഖാശിഅ | |
|---|---|
| خَاشِعَةٌ | أَبْصَارُهَا |
| ഖാശിഅ | അബ്സ്വാറുഹാ |
| പേടിച്ചരണ്ടത് | അവരുടെ കണ്ണുകൾ |

**9- അവരുടെ കണ്ണുകൾ പേടിച്ചരണ്ടിരിക്കും.**

അന്നേ ദിവസത്തെ ഭീതിതമായ അന്തരീക്ഷത്തിൽ സത്യനിഷേധികളും ധിക്കാരികളും പേടിച്ചരണ്ടിരിക്കും

| يَقُولُونَ أَإِنَّا لَمَرْدُودُونَ فِي الْحَافِرَةِ﴿١٠﴾<br>യഖൂലൂന അഇന്നാ ലമർദൂദൂന ഫിൽഹാഫിറ | | | |
|---|---|---|---|
| فِي الْحَافِرَةِ | لَمَرْدُودُونَ | أَإِنَّا | يَقُولُونَ |
| ഫിൽഹാഫിറ | ലമർദൂദൂന | അഇന്നാ | യഖൂലൂന |
| പൂർവാവസ്ഥയിലേക്ക് | മടക്കപ്പെട്ടുമെന്നോ | ഉറപ്പായും നാം | അവർ ചോദിക്കുന്നു |

**10- അവർ ചോദിക്കുന്നു: ഉറപ്പായും നാം പൂർവാവസ്ഥയിലേക്ക് മടക്കപ്പെട്ടുമെന്നോ?**

പുനരുദ്ധാരണത്തിന്റെ ഒരു ദിനം വരാനുണ്ടെന്ന് ജീവിച്ചിരിക്കെ മനുഷ്യൻ മുന്നറിയിപ്പ് നല്കപ്പെട്ടപ്പോൾ അവന്റെ പ്രതികരണം ഇങ്ങിനെയായിരുന്നു.

| أَإِذَا كُنَّا عِظَامًا نَّخِرَةً﴿١١﴾<br>അഇദാ കുന്നാ ഇദാമൻ നഖിറ | | |
|---|---|---|
| نَّخِرَةً | عِظَامًا | أَإِذَا كُنَّا |
| നഖിറ | ഇദാമൻ | അഇദാ കുന്നാ |
| നുരുമ്പിയ | എല്ലുകൾ | നാം ആയ ശേഷവും |

**11- നാം നുരുമ്പിയ എല്ലുകളായ ശേഷവും?**

ഭൗതിക ശരീരം ദ്രവിച്ച് മണ്ണോട്ടു ചേർന്ന് കഴിഞ്ഞാൽ പിന്നെ എപ്രകാരമാണ് നമ്മെ പുനർജീവിപ്പിക്കാൻ സാധ്യമാകുക എന്നവൻ ചോദിക്കുന്നു

| قَالُوا تِلْكَ إِذًا كَرَّةٌ خَاسِرَةٌ﴿١٢﴾<br>ഖാലൂ തിൽക ഇദൻ കർറതുൻ ഖാസിറ | | | | |
|---|---|---|---|---|
| خَاسِرَةٌ | كَرَّةٌ | إِذًا | تِلْكَ | قَالُوا |
| ഖാസിറ | കർറതുൻ | ഇദൻ | തിൽക | ഖാലൂ |
| തുലഞ്ഞ | തിരിച്ചു പോക്ക് | എങ്കിൽ | അത് | അവർ ഘോഷിക്കുന്നു |

**12- അവർ ഘോഷിക്കുന്നു: എങ്കിലതൊരു തുലഞ്ഞ തിരിച്ചു പോക്കു തന്നെ.**

അതായത്, ഉയിർത്തെഴുന്നേൽപ് ഉണ്ടാവുകതന്നെ ചെയ്യുമെന്ന് മറുപടി കൊടുത്തപ്പോൾ അവർ തമ്മിൽ തമാശ പറഞ്ഞുതുടങ്ങി: യഥാർഥത്തിൽ നമുക്ക് തിരിച്ചു വീണ്ടും ജീവിതാവസ്ഥയിലേക്കു മടങ്ങിയെത്തേണ്ടിവന്നാൽ അന്നുതൊട്ട് നമ്മൾ നശിച്ചതുതന്നെ. അതിനുശേഷം ഒരു ഗുണവും നമുക്കുണ്ടാവില്ല.

| فَإِنَّمَا هِيَ زَجْرَةٌ وَاحِدَةٌ﴿١٣﴾<br>ഫഇന്നമാ ഹിയ സജ്റതുൻ വ്വാഹിദ | | | |
|---|---|---|---|
| وَاحِدَةٌ | زَجْرَةٌ | هِيَ | فَإِنَّمَا |
| വാഹിദ | സജ്റതുൻ | ഹിയ | ഫഇന്നമാ |
| ഒരു | ഘോര ശബ്ദം | അത് | എന്നാൽ മാത്രമായിരിക്കും |

**13- എന്നാൽ അതൊരു ഘോര ശബ്ദം മാത്രമായിരിക്കും.**

നിങ്ങൾ അന്ത്യനാളിനെ ഒരസംഭവ്യകാര്യമായിക്കരുതി പരിഹസിക്കുന്നു. എന്നാൽ, അല്ലാഹുവിന് അത് ഒട്ടും പ്രയാസമുള്ള കാര്യമല്ല. അതു നടത്താൻ അവന് വിപുലമായ സജ്ജീകരണങ്ങളുടെയോ തയ്യാറെടുപ്പുകളുടെയോ യാതൊരാവശ്യവുമില്ല. അവന്റെ ഒരു ശാസന മതി, നിങ്ങളുടെ മണ്ണ് അല്ലെങ്കിൽ ചാരം എവിടെക്കിടന്നാലും, അവയെല്ലാം ഒരുമിച്ചുകൂടാനും ഭൂമിയുടെ പ്രതലത്തിൽ നിങ്ങൾ ജീവനുള്ളവരായി കാണപ്പെടാനും.

| فَإِذَا هُم بِالسَّاهِرَةِ﴿١٤﴾<br>ഫഇദാ ഹും ബിസ്സാഹിറ | | |
|---|---|---|
| بِالسَّاهِرَةِ | هُم | فَإِذَا |
| ബിസ്സാഹിറ | ഹും | ഫഇദാ |
| ഭൂതലത്തിലായി | അവർ | അപ്പോഴേക്കും |

**14- അപ്പോഴേക്കും അവർ ഭൂതലത്തിലെത്തിയിരിക്കും.**

ഈ മടക്കത്തെ നഷ്ടകരമായ മടക്കമെന്നു കരുതി നിങ്ങൾ ഓടിയൊളിക്കാൻ എത്ര വേണമെങ്കിലും ശ്രമിച്ചുകൊള്ളുക, പക്ഷേ, ഇത് സംഭവിക്കുകതന്നെ ചെയ്യും. നിങ്ങളുടെ നിഷേധത്തിനോ ഒളിച്ചോട്ടത്തിനോ പരിഹാസത്തിനോ ഒന്നും അതിനെ തടയാനാവില്ല. മനുഷ്യ ജന്മം തുടങ്ങിയ കാലം മുതൽ അവസാനമായി മരിച്ചു പോയവരടക്കം

സംഭവിക്കാനിരിക്കുന്ന ആ രണ്ടാമത്തെ ഘോര ശബ്ദത്തോടെ ഭൂമിയുടെ പ്രതലത്തിൽ പുനർജീവിപ്പിക്കപ്പെടും.

| هَلْ أَتَاكَ حَدِيثُ مُوسَىٰ﴿١٥﴾<br>ഹൽ അതാക ഹദീസു മൂസാ | | |
|---|---|---|
| مُوسَىٰ | حَدِيثُ | هَلْ أَتَاكَ |
| മൂസാ | ഹദീസു | ഹൽ അതാക |
| മൂസാ | വർത്തമാനം | നിനക്ക് വന്നെത്തിയോ |

**15- മൂസായുടെ വർത്തമാനം നിനക്ക് വന്നെത്തിയോ?**

ഉയിർത്തെഴുന്നേൽപിനോടും പരലോകത്തോടും മക്കയിലെ അവിശ്വാസികൾ കൈക്കൊണ്ട നിഷേധവും പരിഹാസവും വാസ്തവത്തിൽ ഏതെങ്കിലും തത്ത്വശാസ്ത്രത്തോടുള്ള നിഷേധമായിരുന്നില്ല; അല്ലാഹുവിന്റെ ദൂതനെ തള്ളിക്കളയലായിരുന്നു. റസൂലിനെതിരെ അവർ പ്രയോഗിച്ചുകൊണ്ടിരുന്ന സൂത്രങ്ങളാവട്ടെ, ഏതെങ്കിലും സാധാരണക്കാരനെതിരിലുള്ള സൂത്രപ്രയോഗങ്ങളുമായിരുന്നില്ല; ദൈവദൂതന്റെ പ്രബോധനത്തെ പരാജയപ്പെടുത്താനുള്ള സൂത്രങ്ങളായിരുന്നു. അതുകൊണ്ടാണ് പരലോകം യാഥാർഥ്യമാണെന്നതിന് കൂടുതൽ തെളിവുകൾ ചൂണ്ടിക്കാണിക്കുന്നതിനു മുമ്പായി അവരെ മൂസാ(അ)യുടെയും ഫറവോന്റെയും ചരിത്രം അനുസ്മരിപ്പിക്കുന്നത്. അതിലൂടെ, ദൈവികദൗത്യത്തെ എതിർക്കുന്നതിന്റെയും ദൂതനെ നിയോഗിച്ച ദൈവത്തിനെതിരെ തലപൊക്കുന്നതിന്റെയും അനന്തരഫലമെന്തായിരിക്കുമെന്നതിനെക്കുറിച്ച് അവർ ബോധവാന്മാരാവാൻ വേണ്ടിയാണത്

| إِذْ نَادَاهُ رَبُّهُ بِالْوَادِ الْمُقَدَّسِ طُوًى﴿١٦﴾<br>ഇദ് നാദാഹു റബ്ബുഹു ബിൽവാദിൽ മുഖദ്ദസി ത്വുവാ | | | | |
|---|---|---|---|---|
| طُوًى | الْمُقَدَّسِ | بِالْوَادِ | رَبُّهُ | إِذْ نَادَاهُ |
| ത്വുവാ | അൽമുഖദ്ദസി | ബിൽവാദി | റബ്ബുഹു | ഇദ് നാദാഹു |
| ത്വുവാ | വിശുദ്ധമായ | താഴ്‌വരയിൽ വെച്ച് | തന്റെ നാഥൻ | അദ്ദേഹത്തെ വിളിച്ച സന്ദർഭം |

**16- വിശുദ്ധമായ ത്വുവാ താഴ്‌വരയിൽ വെച്ച് തന്റെ നാഥൻ അദ്ദേഹത്തെ വിളിച്ച സന്ദർഭം:**

വിശുദ്ധമായ ത്വുവാ താഴ്‌വരയിൽ വെച്ചാണ് അല്ലാഹു, മൂസാ പ്രവാചകനോട് സംസാരിക്കുന്നത്. മൂസാ (അ)യെ പ്രവാചകനായി നിയോഗിച്ച സമയത്ത് അല്ലാഹുവും അദ്ദേഹവും തമ്മിൽ നടന്ന സംഭാഷണം വിശുദ്ധ ഖുർആൻ സന്ദർഭോചിതം ചിലേടത്ത് സംഗ്രഹിച്ചും ചിലേടത്ത് വിസ്തരിച്ചും ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കം മാത്രമേ ഇവിടെ പറയുന്നുള്ളൂ.

| اذْهَبْ إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ﴿١٧﴾<br>ഇദ്ഹബ് ഇലാ ഫിര്ഔന ഇന്നഹു ത്വഗാ |
|---|

| طَغَىٰ | إِنَّهُ | إِلَىٰ فِرْعَوْنَ | اذْهَبْ |
|---|---|---|---|
| ത്വഗാ | ഇന്നഹു | ഇലാ ഫിര്ഔന | ഇദ്ഹബ് |
| അവൻ അതിക്രമിയായിരിക്കുന്നു | നിശ്ചയം അവൻ | ഫറവോന്റെ അടുത്തേക്ക് | നീ പോവുക |

**17- നീ ഫറവോന്റെ അടുത്തേക്ക് പോവുക. അവൻ അതിക്രമിയായിരിക്കുന്നു.**

ഫറവോന്റെ ഇവിടെ പരാമർശിച്ച ധിക്കാരംകൊണ്ട് ഉദ്ദേശിക്കുന്നത് അടിമത്തത്തിന്റെ പരിധി ലംഘിച്ചുകൊണ്ട് സ്രഷ്ടാവിന്നെതിരിലും സൃഷ്ടികൾക്കെതിരിലും ധിക്കാരമനുവർത്തിക്കലാകുന്നു. തന്റെ പ്രജകളെ വിളിച്ചുകൂട്ടി 'ഞാനാണ് നിങ്ങളുടെ പരമോന്നതനായ നാഥൻ എന്നു ഘോഷിച്ചതാണ് അയാൾ സ്രഷ്ടാവിനെതിരെ കാണിച്ച ധിക്കാരമെന്ന് തുടർന്നു പറയുന്നുണ്ട്. സൃഷ്ടികൾക്കെതിരെ കൈക്കൊണ്ട ധിക്കാരം തന്റെ രാജ്യവാസികളെ വിവിധ വിഭാഗങ്ങളും തട്ടുകളുമാക്കി വേർതിരിച്ചുവെച്ചു എന്നതാണ്. ദുർബലവിഭാഗങ്ങൾക്കു നേരെ കടുത്ത അക്രമമർദനങ്ങളഴിച്ചുവിട്ടു; സമൂഹത്തെ മുഴുക്കെ വിഡ്ഢികളാക്കിക്കൊണ്ട് തന്റെ അടിമകളാക്കിത്തീർത്തു

| فَقُلْ هَل لَّكَ إِلَىٰ أَن تَزَكَّىٰ﴿١٨﴾<br>ഫ ഖുൽ ഹൽ ലക ഇലാ അൻ തസക്കാ | | |
|---|---|---|
| إِلَىٰ أَن تَزَكَّىٰ | هَل لَّكَ | فَقُلْ |
| ഇലാ അൻ തസക്കാ | ഹൽ ലക | ഫ ഖുൽ |
| വിശുദ്ധി വരിക്കാൻ | നീ സന്നദ്ധനാണോ | എന്നിട്ട് പറയുക |

**18- എന്നിട്ട് അയാളോട് പറയുക: വിശുദ്ധി വരിക്കാൻ നീ സന്നദ്ധനാണോ?**

മൂസാ(അ)യോട് അല്ലാഹു നിർദേശിച്ചിട്ടുണ്ടായിരുന്നു: "നീയും ഹാറൂനും അവനോട് മയത്തിൽ സംസാരിക്കണം - അവൻ ഉദ്ബോധനം സ്വീകരിക്കുകയോ ദൈവത്തെ ഭയപ്പെടുകയോ ചെയ്തേക്കാം" (ത്വാഹാ 44). ഈ മൃദുലഭാഷണത്തിന്റെ ഒരു മാതൃകയാണ് ഈ സൂക്തങ്ങളിൽ നൽകിയിട്ടുള്ളത്. ഒരു വികടനെ മാർഗദർശനം ചെയ്യാൻ ഒരു പ്രബോധകൻ അവലംബിക്കേണ്ട യുക്തിപൂർവമായ മാർഗം എന്താണെന്ന് അതിൽനിന്ന് മനസ്സിലാക്കാം.

ഇവിടെ വിശുദ്ധി കൈക്കൊള്ളുക എന്നതുകൊണ്ടുദ്ദേശ്യം വിശ്വാസത്തിന്റെയും ധർമത്തിന്റെയും കർമത്തിന്റെയും സംസ്കരണമാകുന്നു. മറ്റുവിധത്തിൽ പറഞ്ഞാൽ ജീവിതം സ്രഷ്ടാവായ ദൈവത്തിന്റെ പാതയിൽ സമർപ്പിച്ചു ഇസ്‌ലാം സ്വീകരിക്കുക എന്നാണു.

| وَأَهْدِيَكَ إِلَىٰ رَبِّكَ فَتَخْشَىٰ﴿١٩﴾<br>വ അഹ്ദിയക ഇലാ റബ്ബിക ഫ തക്ശാ | | |
|---|---|---|
| فَتَخْشَىٰ | إِلَىٰ رَبِّكَ | وَأَهْدِيَكَ |
| മൂസാ | ഇലാ റബ്ബിക | വ അഹ്ദിയക |
| അങ്ങനെ നിനക്കു ദൈവഭക്തനാകാനും | നിന്റെ നാഥനിലേക്കു | ഞാൻ നിന്നെ വഴിനടത്താം |

**19- ഞാൻ നിന്നെ നിന്റെ നാഥനിലേക്കു വഴിനടത്താം അങ്ങനെ നിനക്കു ദൈവഭക്തനാകാനും**

'ഞാൻ നിന്നെ നിന്റെ നാഥങ്കലേക്ക് മാർഗദർശനം ചെയ്യാം. അപ്പോൾ നിന്റെ മനസ്സിൽ അവനോട് ഭയ ഭക്തിയുളവാകും' എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: നീ നിന്റെ നാഥനെ തിരിച്ചറിയുകയും നീ അവന്റെ അടിമയാണെന്നും സ്വതന്ത്രനല്ലെന്നും മനസ്സിലാക്കുകയും ചെയ്യുമ്പോൾ അനിവാര്യമായും നിന്റെ മനസ്സിൽ ദൈവഭയമങ്കുരിക്കും. ദൈവഭയമെന്ന ഒന്നിനെ മാത്രം ആശ്രയിച്ചാകുന്നു ഈ ലോകത്ത് മനുഷ്യൻ സ്വീകരിക്കുന്ന നിലപാടിന്റെ ശരിയും സാധുതയും നിലകൊള്ളുന്നത്. ദൈവത്തെ തിരിച്ചറിയലും അവനെ ഭയപ്പെടലും കൂടാതെ വിശുദ്ധി എന്ന സംഗതി സങ്കൽപിക്കാൻ സാധ്യമല്ല.

മൂസാ (അ) ഇസ്രാഈല്യരെ ഫറവോനിൽനിന്ന് മോചിപ്പിക്കാൻ വേണ്ടി മാത്രം നിയുക്തനായ പ്രവാചകനല്ല. അദ്ദേഹത്തിന്റെ പ്രഥമ നിയോഗലക്ഷ്യം ഫറവോനും അയാളുടെ സമൂഹത്തിനും സന്മാർഗം കാണിച്ചുകൊടുക്കുകയായിരുന്നു. ദ്വിതീയ ലക്ഷ്യം ഇതായിരുന്നു: ഫറവോൻ സന്മാർഗം സ്വീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ, അപ്പോഴാണ് ഇസ്രാഈല്യരെ അയാളുടെ അടിമത്തത്തിൽ നിന്നും രക്ഷപ്പെടുത്തി ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരേണ്ടത്.

| ﴿فَأَرَاهُ الْآيَةَ الْكُبْرَىٰ ﴿٢٠<br>ഫ അറാഹൽ ആയതൽ കുബ്റാ | | |
|---|---|---|
| الْكُبْرَىٰ | الْآيَةَ | فَأَرَاهُ |
| അൽകുബ്റാ | അൽആയത | ഫ അറാഹ |
| മഹത്തായ/വലിയ | ദൃഷ്ടാന്തം | പിന്നെ അയാൾക്ക് കാണിച്ചുകൊടുത്തു |

**20- പിന്നെ (മൂസാ) അയാൾക്ക് മഹത്തായ ദൃഷ്ടാന്തം കാണിച്ചുകൊടുത്തു.**

മഹാദൃഷ്ടാന്തം എന്നതുകൊണ്ടുദ്ദേശ്യം വിശുദ്ധ ഖുർആനിൽ പലേടത്തും പ്രസ്താവിച്ചിട്ടുള്ള, വടി സർപ്പമായിത്തീരലാണ്. ഒരു നിർജീവമായ വടി കാഴ്ചക്കാരുടെ കൺമുമ്പിൽ വച്ച് സർപ്പമായി പരിണമിക്കുക എന്നതിൽ കവിഞ്ഞ മഹാദൃഷ്ടാന്തമെന്താണുള്ളത്! അതിനു പകരം ആഭിചാരകന്മാർ വടികളും കയറുകളും കൃത്രിമ സർപ്പങ്ങളാക്കി കാണിച്ചെങ്കിലും അവയെയെല്ലാം മൂസാ(അ)യുടെ സർപ്പം വിഴുങ്ങിക്കളഞ്ഞു. പിന്നീട് മൂസാ (അ) തന്റെ സർപ്പത്തെ കൈയിലെടുത്തപ്പോൾ വീണ്ടും അത് വടിയായിത്തീരുകയും ചെയ്തു. മൂസാ (അ) നിയുക്തനായത് സർവലോകനാഥനായ അല്ലാഹുവിങ്കൽ നിന്നുതന്നെയായിരുന്നുവെന്നതിന്റെ സ്പഷ്ടമായ ദൃഷ്ടാന്തമായിരുന്നു അത്

| ﴿فَكَذَّبَ وَعَصَىٰ ﴿٢١<br>ഫകദ്ദബ വ അസ്വാ | |
|---|---|
| وَعَصَىٰ | فَكَذَّبَ |
| വ അസ്വാ | ഫകദ്ദബ |
| ധിക്കരിക്കുകയും ചെയ്തു | അപ്പോൾ അയാളതിനെ കളവാക്കി |

**21- അപ്പോൾ അയാളതിനെ കളവാക്കുകയും ധിക്കരിക്കുകയും ചെയ്തു.**

ദൈവം നല്കിയ ആ മഹാദൃഷ്ടാന്തം നേരിട്ട് കണ്ടിട്ടും ഫറോവ വിശ്വസിക്കാൻ തയ്യാറായില്ല. അയാൾ ദൈവ ദൂതനെ കളവാക്കുകയും ദൈവത്തെ ധിക്കരിക്കുകയും ചെയ്തു.

| ثُمَّ أَدْبَرَ يَسْعَىٰ﴿٢٢﴾<br>സുമ്മ അദ്ബറ യസ്അാ | | |
|---|---|---|
| يَسْعَىٰ | أَدْبَرَ | ثُمَّ |
| യസ്അാ | അദ്ബറ | സുമ്മ |
| പരിശ്രമിക്കുന്നവനായി | അയാൾ തിരിഞ്ഞു നടന്നു | പിന്നീട് |

**22- പിന്നീട് അയാൾ എതിർശ്രമങ്ങൾക്കായി തിരിഞ്ഞു നടന്നു.**

മൂസാ (അ) പ്രവാചകനൊന്നുമല്ല, ഒരു മന്ത്രവാദി മാത്രമാണെന്നു ജനത്തെ ബോധ്യപ്പെടുത്താനുള്ള പരിശ്രമങ്ങൾ അയാൾ തുടങ്ങി. വടി പാമ്പാക്കിക്കാണിക്കുന്ന വിദ്യ മൂസാ (അ)യ്ക്ക് മാത്രമല്ല, മറ്റു മന്ത്രവാദികൾക്കും സാധിക്കുന്നതാണെന്നു ജനത്തെ ബോധ്യപ്പെടുത്തുകയായിരുന്നു അയാളുടെ ലക്ഷ്യം.

| فَحَشَرَ فَنَادَىٰ﴿٢٣﴾<br>ഫ ഹശറ ഫ നാദാ | |
|---|---|
| فَنَادَىٰ | فَحَشَرَ |
| ഫ നാദാ | ഫ ഹശറ |
| എന്നിട്ട് വിളംബരം ചെയ്തു | അങ്ങനെ ഒരുമിച്ചുകൂട്ടി |

**23- അങ്ങനെ ജനങ്ങളെ ഒരുമിച്ചുകൂട്ടി വിളംബരം ചെയ്തു.**

ഫറവോൻ ഈജിപ്തിലുണ്ടായിരുന്ന മന്ത്രവാദികളെയാസകലം വിളിച്ചുവരുത്തി ഒരു മഹാ സഭയിൽവെച്ച് അവരെക്കൊണ്ട് വടികളും കയറുകളും പാമ്പുകളാക്കിക്കാണിച്ചു. പക്ഷേ, ആ തന്ത്രം തിരിച്ചടിക്കുകയാണുണ്ടായത്. മന്ത്രവാദികളുണ്ടാക്കിയ പാമ്പിനെ മുഴുവൻ മൂസയുടെ വടി നിലത്തിട്ടുണ്ടായ പാമ്പ് വിഴുങ്ങിക്കളഞ്ഞു. മന്ത്രവാദികൾ തോൽവി സമ്മതിച്ചു. മൂസാ (അ) പ്രദർശിപ്പിച്ചത് മന്ത്രവാദവിദ്യയല്ലെന്നും ദിവ്യാദ്ഭുതമാണെന്നുമവർ പ്രഖ്യാപിക്കുകയും ചെയ്തു

| فَقَالَ أَنَا رَبُّكُمُ الْأَعْلَىٰ﴿٢٤﴾<br>ഫ ഖാല അന റബ്ബുകുമുൽ അ1\ലാ | | | |
|---|---|---|---|
| الْأَعْلَىٰ | رَبُّكُمُ | أَنَا | فَقَالَ |
| അൽഅ1\ലാ | റബ്ബുകും | അന | ഫ ഖാല |
| പരമോന്നത | നിങ്ങളുടെ നാഥൻ | ഞാൻ | അവൻ പ്രഖ്യാപിച്ചു |

**24- അവൻ പ്രഖ്യാപിച്ചു: ഞാനാണ് നിങ്ങളുടെ പരമോന്നത നാഥൻ.**

രാഷ്ട്രീയമായ അർഥത്തിലാണ് ഫറവോൻ, താൻ ദൈവവും അത്യുന്നതനായ നാഥനും ആണെന്നുദ്ഘോഷിച്ചത്. പരമാധികാരത്തിനുടമ ഞാനാണ് എന്നാണ് ഫറവോൻ ഉദ്ദേശിച്ചത്. എന്റെ രാജ്യത്ത് ശാസന നടത്താനുള്ള അവകാശം എനിക്കു മാത്രമാകുന്നു; മറ്റാർക്കുമില്ല. എനിക്കു മുകളിൽ, ഇവിടെ ശാസന നടത്തുന്ന മറ്റൊരു ശക്തിയുണ്ടാകാവതല്ല.

മതപരമായി ഫറവോൻ മറ്റ് ആരാധ്യരെ പൂജിച്ചുവന്നിരുന്നതിന് വിശുദ്ധ ഖുർആനിൽതന്നെ തെളിവുണ്ട്. അൽഅഅ്റാഫ് സൂക്തം 126-ൽ, രാജസഭയെ അഭിസംബോധന ചെയ്തുകൊണ്ട് ഫറവോൻ ചോദിക്കുന്നു: “നാട്ടിൽ കുഴപ്പങ്ങൾ പരത്താനും നിങ്ങളുടെ ദൈവങ്ങളെ ആരാധിക്കുന്നതിൽനിന്ന് നിങ്ങളെ തടയാനും വേണ്ടി നിങ്ങൾ മൂസായെയും അവന്റെ സമുദായത്തെയും സ്വതന്ത്രരായി വിട്ടയക്കുകയാണോ?” സൂറ അസ്സുഖ്റുഫ് സൂക്തം 53-ൽ ഫറവോൻ ഇങ്ങനെ ചോദിച്ചതായും ഉദ്ധരിച്ചിട്ടുണ്ട്: “മൂസാ ദൈവത്താൽ നിയുക്തനെങ്കിൽ അയാൾക്ക് കനക കങ്കണങ്ങൾ ഇറക്കിക്കൊടുക്കാത്തതെന്ത്? അല്ലെങ്കിൽ, അയാളോടൊപ്പം മാലാഖമാരുടെ പരിവാരം വരാത്തതെന്ത്?”

| فَأَخَذَهُ اللَّهُ نَكَالَ الْآخِرَةِ وَالْأُولَىٰ﴿٢٥﴾<br>ഫ അകദഹല്ലാഹ നകാലൽ ആകിറതി വൽ ഊലാ | | | | |
|---|---|---|---|---|
| وَالْأُولَىٰ | الْآخِرَةِ | نَكَالَ | اللَّهُ | فَأَخَذَهُ |
| വൽ ഊലാ | അൽ ആകിറതി | നകാല | അല്ലാഹ | ഫ അകദഹ |
| ഇഹത്തിന്റെ | പരത്തിന്റെ | ശിക്ഷയാൽ | അല്ലാഹ | അപ്പോൾ അവനെ പിടികൂടി |

**25- അപ്പോൾ അല്ലാഹ അവനെ പരത്തിന്റെയും ഇഹത്തിന്റെയും ശിക്ഷയാൽ പിടികൂടി.**

ദൈവിക സന്ദേശത്തെ കളവാക്കിയ ഫറവോന്റെ അടിമത്വത്തിൽ നിന്നും ഇസ്രായേൽ സമൂഹത്തെ മൂസ മോചിപ്പിച്ചു. ഈജിപ്റ്റ് വിടാൻ ചെങ്കൽ തീരത്തെത്തിയ മൂസയെയും അനുയായികളെയും പിന്തുടർന്ന ഫറവോനിൽ നിന്നും സൈന്യത്തിൽ നിന്നും ചെങ്കടൽ പിളർത്തി വഴിയൊരുക്കി ദൈവം മൂസയെയും അനുയായികളെയും രക്ഷപ്പെടുത്തി. എന്നാൽ അവരെ പിന്തുടർന്ന് അതെ വഴിയിലേക്കിറങ്ങിയ ഫറവോനും സൈന്യവും ചെങ്കടിൽ മുങ്ങി മരിച്ചു. പാരത്രിക ലോകത്തേക്കൊന്നും സമ്പാതിക്കാത്ത ഫറവോൻ അങ്ങിനെ ഐഹിക ലോകവും അതിലെ അധികാരങ്ങളും നഷ്ടപ്പെട്ട് ശിക്ഷക്ക് വിധേയമായി.

| إِنَّ فِي ذَٰلِكَ لَعِبْرَةً لِّمَن يَخْشَىٰ﴿٢٦﴾<br>ഇന്ന ഫീ ദാലിക ല ഇബ്റതൻ ലിമൻ യക്ശാ | | | |
|---|---|---|---|
| لِّمَن يَخْشَىٰ | لَعِبْرَةً | فِي ذَٰلِكَ | إِنَّ |
| ലിമൻ യക്ശാ | ല ഇബ്റതൻ | ഫീ ദാലിക | ഇന്ന |
| ദൈവഭയമുള്ളവർക്ക് | ഗുണപാഠം | അതിലുണ്ട് | നിശ്ചയമായും |

**26- നിശ്ചയമായും ദൈവഭയമുള്ളവർക്ക് ഇതിൽ ഗുണപാഠമുണ്ട്.**

ദൈവദൂതനെ നിഷേധിച്ചതിന്റെ പേരിൽ ഫറവോൻ അനുഭവിക്കേണ്ടിവന്ന ദുരന്തത്തിൽ ദൈവഭയമുള്ളവർക്ക് ഗുണപാഠമുണ്ട്.

| أَأَنتُمْ أَشَدُّ خَلْقًا أَمِ السَّمَاءُ بَنَاهَا﴿٢٧﴾<br>അ അൻതും അശദ്ദു കൽഖൻ അമിസ്സമാഉ ബനാഹാ | | | | |
|---|---|---|---|---|
| بَنَاهَا | أَمِ السَّمَاءُ | خَلْقًا | أَشَدُّ | أَأَنتُمْ |

| | | | | |
|---|---|---|---|---|
| ബനാഹാ | അമിസ്സമാഉ | കൽഖൻ | അശദ്ദു | അ അൻതും |
| അതിനെ ഉണ്ടാക്കി | അതോ ആകാശമോ | സൃഷ്ടിക്കുന്ന തിൽ | കൂടുതൽ പ്രയാസകരം | നിങ്ങളാ ണോ |

**27- നിങ്ങളെ സൃഷ്ടിക്കുന്നതോ ആകാശത്തെ സൃഷ്ടിക്കുന്നതോ ഏതാണ് കൂടുതൽ പ്രയാസകരം? അവൻ അതുണ്ടാക്കി.**

സൃഷ്ടി കൊണ്ടുദ്ദേശിക്കുന്നത് മനുഷ്യരുടെ പുനഃസൃഷ്ടിയാകുന്നു. ആകാശംകൊണ്ട് വിവക്ഷിക്കുന്നത് എണ്ണമറ്റ നക്ഷത്രങ്ങളും ഗ്രഹങ്ങളും അപരിമേയമായ സൗരയൂഥങ്ങളും അനന്തമായ ക്ഷീരപഥങ്ങളും ഉൾക്കൊള്ളുന്ന ഉപരിലോകമഖിലമാണ്.

ഉയിർത്തെഴുന്നേൽപ്പും മരണാനന്തരജീവിതവും സംഭവ്യമാണെന്നും യുക്തിയുടെ താൽപര്യമാണെന്നും ചൂണ്ടിക്കാണിക്കുന്ന തെളിവുകൾ പറയുകയാണ്. വചനതാൽപര്യമിതാണ്: നിങ്ങൾ മരണാനന്തര ജീവിതത്തെ അസംഭവ്യമായ ഒരു മഹാകാര്യമായി കരുതുന്നു. ഞങ്ങളുടെ അസ്ഥികൾ വരെ ദ്രവിച്ച് പൊടിഞ്ഞുപോയ അവസ്ഥയിൽ ആ ചിന്നിച്ചിതറിയ അംശങ്ങളെ ശേഖരിച്ച് സംഘടിപ്പിച്ച് ഞങ്ങളെ വീണ്ടും ജീവൻ വെപ്പിക്കുക എന്നത് എങ്ങനെ സംഭവിക്കാനാണ് എന്ന് നിങ്ങൾ ആവർത്തിച്ചു ചോദിക്കുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ഒരിക്കലും ചിന്തിച്ചുനോക്കുന്നില്ലേ, ഈ മഹാപ്രപഞ്ചം സൃഷ്ടിക്കുന്നതാണോ കൂടുതൽ പ്രയാസകരം, അതല്ല, നിങ്ങളെ ഒരിക്കൽ സൃഷ്ടിച്ചു കഴിഞ്ഞശേഷം അതേരൂപത്തിൽ വീണ്ടും സൃഷ്ടിക്കുന്നതോ? ഈ പ്രപഞ്ചസൃഷ്ടി ക്ഷിപ്രസാധ്യമായ ദൈവത്തിന് എങ്ങനെയാണ് നിങ്ങളുടെ പുനഃസൃഷ്ടി അസാധ്യമായ ഒരു കീറാമുട്ടിയാവുക? മരണാനന്തര ജീവിതത്തിനുള്ള ഈ തെളിവ് വിശുദ്ധ ഖുർആൻ അനേക സ്ഥലങ്ങളിൽ ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സൂറ യാസീൻ സൂക്തം 81-ൽ പറയുന്നു: "ആകാശഭൂമികളെ സൃഷ്ടിച്ചിട്ടുള്ളവൻ ഇവരെപ്പോലുള്ളവരെ (പുനഃ)സൃഷ്ടിക്കാൻ കഴിവുള്ളവനല്ലെന്നോ? എന്തുകൊണ്ടല്ല? അവൻ, സകലവിധ സൃഷ്ടിയിലും വല്ലഭനായ അതുല്യ സ്രഷ്ടാവാകുന്നു." സൂറഃ ഗാഫിർ സൂക്തം 57-ൽ പറയുന്നു: "നിശ്ചയം, വാനലോകവും ഭൂമിയും സൃഷ്ടിക്കുന്നത് മനുഷ്യനെ സൃഷ്ടിക്കുന്നതിനേക്കാൾ വളരെ വലിയ സംഗതിയാകുന്നു. പക്ഷേ, അധികജനവും അറിയുന്നില്ല"

| رَفَعَ سَمْكَهَا فَسَوَّاهَا﴿٢٨﴾<br>റഫഅ സംകഹാ ഫ സവ്വാഹാ | | |
|---|---|---|
| فَسَوَّاهَا | سَمْكَهَا | رَفَعَ |
| ഫ സവ്വാഹാ | സംകഹാ | റഫഅ |
| അങ്ങനെ അതിനെ കുറ്റമറ്റതാക്കി | അതിന്റെ വിതാനം | അവൻ ഉയർത്തി |

**28- അതിന്റെ വിതാനം ഉയർത്തുകയും അങ്ങനെ അതിനെ കുറ്റമറ്റതാക്കുകയും ചെയ്തു.**

ആകാശം ഭൂമിയുടെ വിശാലമായ ഒരു മേൽക്കൂരയാണ്. തൂണുകളില്ലാതെ ഉയർത്തപ്പെട്ട ശക്തമായ ആ മേൽക്കൂര ഭൂമിയുടെ കവചമായി വർത്തിക്കുന്നു. ഭൂമിയിലെ ജീവിതം

സാധ്യമാക്കുന്ന രശ്മികളും, വെളിച്ചവും കടത്തിവിടുന്ന ആ ആകാശം ജീവന് ഹാനികരമായ രശ്മികളെയും ഉൽക്കകളെയും വാതകങ്ങളെയും തടയുകയും ചെയ്യുന്നു.

| وَأَغْطَشَ لَيْلَهَا وَأَخْرَجَ ضُحَاهَا﴿٢٩﴾<br>വ അഗ്ത്വശ ലൈലഹാ വ അക്റജ ദുഹാഹാ | | | |
|---|---|---|---|
| ضُحَاهَا | وَأَخْرَجَ | لَيْلَهَا | وَأَغْطَشَ |
| ദുഹാഹാ | വ അക്റജ | ലൈലഹാ | വ അഗ്ത്വശ |
| അതിലെ പകലിനെ | പുറത്തുകൊണ്ടുവരികയും ചെയ്തു | അതിലെ രാവ് | അവൻ ഉരുട്ടുകൊണ്ട് മൂടി |

## 29- അതിലെ രാവിനെ അവൻ അവൻ മൂടി. പകലിനെ വെളിപ്പെടുത്തുകയും ചെയ്തു.

ദിനരാത്രങ്ങളെ ആകാശവുമായി ബന്ധിച്ചതിനു കാരണം, ആകാശത്ത് സൂര്യൻ അസ്തമിക്കുന്നതോടെ രാവും, ഉദിക്കുന്നതോടെ പകലും ഉണ്ടാകുന്നു എന്നതാണ്. അസ്തമയാനന്തരം രാത്രിയുടെ ഇരുട്ട് ഭൂമിയിൽ, അതിനെ മൂട്ടുപടമിട്ട് മൂടിയ പോലെ പരക്കുന്നു എന്ന അർഥത്തിലാണ് രാവിന് 'മൂടുക' എന്ന പദം പ്രയോഗിച്ചത്

| وَالْأَرْضَ بَعْدَ ذَٰلِكَ دَحَاهَا﴿٣٠﴾<br>വൽ അർദ ബ1\ദ ദാലിക ദഹാഹാ | | |
|---|---|---|
| دَحَاهَا | بَعْدَ ذَٰلِكَ | وَالْأَرْضَ |
| ദഹാഹാ | ബ1\ദ ദാലിക | വൽ അർദ |
| അതിനെ വിസ്തൃതമാക്കി | അതിനുശേഷം | ഭൂമി |

## 30- അതിനുശേഷം ഭൂമിയെ വിസ്തൃതമാക്കി.

'അനന്തരം ഭൂമിയെ പരത്തി' എന്നു പറഞ്ഞതിനർഥം, ആകാശം സൃഷ്ടിച്ച ശേഷമാണ് ഭൂമിയെ സൃഷ്ടിച്ചത് എന്നല്ല. രണ്ടും ഒരുമിച്ചുണ്ടായതാണെങ്കിലും ഒരു കാര്യത്തിനുശേഷം മറ്റേ കാര്യം പരിഗണിക്കുക എന്നേ അതിനർഥമുള്ളൂ. ഈ ശൈലിയിലുള്ള പ്രസ്താവനകൾക്ക് ഖുർആനിൽതന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. ഖുർആൻ ചിലേടത്ത് ആദ്യം ഭൂമിയുടെ സൃഷ്ടിയും ആകാശസൃഷ്ടി അതിനുശേഷവും പറഞ്ഞിട്ടുണ്ട്. ചിലേടത്ത് ആദ്യം ആകാശത്തിന്റെ സൃഷ്ടിയും അതിനുശേഷം ഭൂമിയുടെ സൃഷ്ടിയും പരാമർശിച്ചിരിക്കുന്നു. ഇത്തരം സ്ഥലങ്ങളിലൊന്നുംതന്നെ ആകാശമാണോ അതല്ല ഭൂമിയാണോ ആദ്യം സൃഷ്ടിച്ചത് എന്നു പഠിപ്പിക്കുകയല്ല ഉദ്ദേശ്യം. സന്ദർഭത്തിന്റെ ഔചിത്യം അല്ലാഹുവിന്റെ കഴിവിന്റെ അപാരത ചൂണ്ടിക്കാണിക്കാൻ താൽപര്യപ്പെടുന്ന സ്ഥലങ്ങളിൽ ആകാശങ്ങളെ ആദ്യവും ഭൂമിയെ അതിനുശേഷവും പരാമർശിച്ചിരിക്കുന്നു. വചനസന്ദർഭം ജനങ്ങൾക്ക് ഭൂമിയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവാനുഗ്രഹങ്ങളെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ താൽപര്യപ്പെടുന്ന സ്ഥലങ്ങളിൽ ഭൂമിയുടെ സൃഷ്ടിയെ ആകാശസൃഷ്ടിയുടെ മുമ്പായും പ്രസ്താവിച്ചിരിക്കുന്നു.

| أَخْرَجَ مِنْهَا مَاءَهَا وَمَرْعَاهَا﴿٣١﴾<br>അക്റജ മിൻഹാ മാഅഹാ വ മർആഹാ | | | |
|---|---|---|---|
| وَمَرْعَاهَا | مَاءَهَا | مِنْهَا | أَخْرَجَ |
| വ മർആഹാ | മാഅഹാ | മിൻഹാ | അക്റജ |

| | | | |
|---|---|---|---|
| അതിന്റെ സസ്യങ്ങളും | അതിന്റെ വെള്ളം | അതിൽ നിന്ന് | പുറത്തുകൊണ്ടുവന്നു |

**31- ഭൂമിയിൽനിന്ന് അതിന്റെ വെള്ളവും സസ്യങ്ങളും പുറത്തുകൊണ്ടുവന്നു.**

സസ്യം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് കാലിത്തീറ്റ മാത്രമല്ല മൃഗങ്ങൾക്കും മനുഷ്യർക്കും ആഹാരമായിത്തീരുന്ന എല്ലാ ചെടികളുമാകുന്നു. മനുഷ്യൻ രാപ്പകൽ ഈ ഭൂമിയിലെ ഉൽപന്നങ്ങൾ ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. അതൊരു സാധാരണ സംഭവം മാത്രമായേ അവർ കണക്കാക്കുന്നുള്ളൂ. എന്നാൽ അശ്രദ്ധയുടെ തിരശ്ശീല തട്ടിമാറ്റി, ആഴത്തിൽ ദൃഷ്ടിയോടിക്കുന്നപക്ഷം അവന്ന് കാര്യം മനസ്സിലാകും. ഈ മൺതലത്തിൽ പച്ചപ്പട്ടുടുത്ത് പരന്നുകിടക്കുന്ന കൃഷിയിടങ്ങളും വൃക്ഷനിബിഡമായ തോപ്പുകളും ഉണ്ടാകുന്നതും അവക്കിടയിലൂടെ അരുവികളും ആറുകളും ഒഴുകിക്കൊണ്ടിരിക്കുന്നതും ഒരു തമാശയൊന്നുമല്ലെന്ന് അപ്പോഴവന്ന് ബോധ്യപ്പെടും. അവയൊന്നുംതന്നെ സ്വയം ഉണ്ടായിപ്പോകുന്നതല്ലെന്നും മറിച്ച് അവയുടെയെല്ലാം പിന്നിൽ അതിമഹത്തായ ഒരു യുക്തിയും ശക്തിയും രക്ഷാകർതൃത്വവും സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും കാണാൻ കഴിയും. ഭൂമിയുടെ യാഥാർഥ്യം എന്താണെന്ന് ഒന്ന് ചിന്തിച്ചുനോക്കുക. അതിന്റെ നിർമിതിയിലടങ്ങിയിട്ടുള്ള പദാർഥങ്ങളിൽ സ്വയം വളർന്നു വികസിക്കാനുള്ള ഒരു ശക്തിയുമില്ല. ഈ പദാർഥങ്ങളെല്ലാം ഒന്നൊന്നായി എടുത്തുനോക്കിയാലും എല്ലാവിധ മിശ്രണങ്ങളും നടത്തിയ ശേഷം പരിശോധിച്ചാലും അവ തീരേ വികാസശൂന്യവും ജൈവലക്ഷണവുമില്ലാത്തതുമാണെന്നുകാണാം. അപ്പോൾ ജീവനില്ലാത്ത മണ്ണിൽനിന്ന് സസ്യോൽപന്നങ്ങളുടെ ജീവിതം ഉടലെടുത്തതെങ്ങനെ എന്നതാണ് പ്രശ്നം. അതേപ്പറ്റി സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ചില വലിയ കാരണങ്ങളുണ്ടെന്ന് കണ്ടെത്താം. അവ മുൻകൂട്ടി സജ്ജീകൃതമായിരുന്നില്ലെങ്കിൽ ഈ ജീവൻ ഒരിക്കലും പ്രത്യക്ഷപ്പെടുമായിരുന്നില്ല.

ഒന്നാമതായി, ഭൂമിയിലെ ചില പ്രത്യേക ഭാഗങ്ങളിൽ മണ്ണിന്റെ മുകൾതട്ടിൽ സസ്യങ്ങൾക്ക് ആഹാരമാകാൻ പാകത്തിലുള്ള വളരെയേറെ പദാർഥങ്ങൾ അടങ്ങിയ ഒരു മണ്ഡലം ഒരുക്കപ്പെട്ടു. സസ്യങ്ങളുടെ വേരുകൾ പടർന്ന് ആഹാരം വലിച്ചെടുക്കാൻ പറ്റുന്ന രൂപത്തിൽ പ്രസ്തുത ഉപരിമേഖലയെ മൃദുലമാക്കുകയും ചെയ്തു.

രണ്ടാമതായി, പ്രസ്തുത ആഹാരപദാർഥങ്ങൾ വെള്ളത്തിൽ ലയിക്കുകയും സസ്യങ്ങളുടെ വേരുകൾക്ക് അവ വലിച്ചെടുക്കാൻ സാധിക്കുകയും ചെയ്യാൻവേണ്ടി ഭൂമിയിൽ വിവിധ രൂപങ്ങളിൽ ജലസഞ്ചാരത്തിനുള്ള ഏർപ്പാടുകൾ ചെയ്തു.

മൂന്നാമതായി, അന്തരീക്ഷത്തിൽ വായു സജ്ജീകരിച്ച് അത് മുകളിൽനിന്നുള്ള വിപത്തുകളിൽനിന്ന് ഭൂമിയെ സംരക്ഷിക്കുകയും മഴ വർഷിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. കൂടാതെ സസ്യങ്ങളുടെ ജീവിതത്തിനും വളർച്ചക്കും അനിവാര്യമായ വാതകങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു.

നാലാമതായി, സസ്യങ്ങൾക്ക് ആവശ്യമായ അനുപാതത്തിൽ ഊഷ്മാവും അനുയോജ്യമായ തോതിൽ മഴയും സിദ്ധിക്കുന്ന രൂപത്തിൽ സൂര്യനും ഭൂമിയും തമ്മിലുള്ള ബന്ധം ക്രമപ്പെടുത്തി. അസംഖ്യം ചെറുകാരണങ്ങളുടെ സമുച്ചയങ്ങളായ ഈ നാല് മുഖ്യകാരണങ്ങൾ സൃഷ്ടിക്കപ്പെട്ടതോടെ സസ്യോൽപാദനത്തിനുള്ള സാധ്യതയുണ്ടായിത്തീർന്നു. അനുകൂലമായ ഈ സാഹചര്യങ്ങൾ ഒരുക്കിയശേഷം സസ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. മാത്രമല്ല, അനുയോജ്യമായ

ഭൂമിയും വെള്ളവും വായുവും കാലാവസ്ഥയും ലഭ്യമാകുമ്പോൾ സസ്യജീവൻ തുടിക്കാൻ പാകത്തിൽ അവയോരോന്നിന്റെയും ബീജവും സൃഷ്ടിക്കപ്പെട്ടു. കൂടാതെ, ഓരോ ഇനത്തിലും പെട്ട ബീജങ്ങളിൽനിന്ന് അതേ ഇനത്തിലുള്ള ചെടികൾ തന്നെ, അവയുടെ മുഴുവൻ ഗുണങ്ങളോടെ ജനിക്കുന്നതിനുള്ള വ്യവസ്ഥയും ചെയ്തുവെച്ചു. ഇതിനെല്ലാം പുറമെ, പത്തോ നൂറോ മാത്രമല്ല, എണ്ണമറ്റ വിവിധതരം സസ്യവർഗങ്ങൾ സൃഷ്ടിക്കുകയും അവയെല്ലാം പിന്നീട് സൃഷ്ടിക്കപ്പെടാൻ പോകുന്ന വിവിധതരം ജീവികൾക്കും മനുഷ്യർക്കും ഭക്ഷണം, ഔഷധം, വസ്ത്രം തുടങ്ങിയ അസംഖ്യം ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമാക്കുകയും ചെയ്തു. സസ്യങ്ങളില്ലായിരുന്നുവെങ്കിൽ പ്രസ്തുത ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുമായിരുന്നില്ല.

വിസ്മയാവഹമായ ഈ വ്യസ്ഥയെക്കുറിച്ച് ചിന്തിക്കുന്ന ഏത് വ്യക്തിയുടെയും മനസ്സ്-അവൻ പക്ഷപാതത്തിലും ശാഠ്യബുദ്ധിയിലും അകപ്പെട്ടിട്ടില്ലെങ്കിൽ-ഇതൊന്നും സ്വയമങ്ങ് ഉണ്ടായിത്തീരുക സാധ്യമല്ലെന്ന് സാക്ഷ്യം വഹിക്കുന്നതാണ്. ഇതിൽ യുക്തിസഹമായ ഒരാസൂത്രണത്തിന്റെ പ്രവർത്തനം വ്യക്തമായും കാണാം. വെള്ളം, വായു, കാലാവസ്ഥ എന്നിവ സസ്യലതാദികൾക്കനുസൃതമായും, സസ്യലതാദികൾ മൃഗങ്ങളുടെയും മനുഷ്യരുടെയും ആവശ്യങ്ങൾക്കനുസരിച്ചും അങ്ങേയറ്റം സൂക്ഷ്മമായും കണിശമായും സംവിധാനിച്ചിരിക്കുന്നത് പ്രസ്തുത ആസൂത്രണത്തിന്റെ ഫലമത്രെ. ഈ സമ്പൂർണമായ യോജിപ്പുകളെല്ലാം തികച്ചും യാദൃച്ഛികമായി രൂപംകൊള്ളുക സാധ്യമാണെന്ന് ബുദ്ധിയുള്ള ഒരു മനുഷ്യനും സങ്കൽപിക്കാനാവുകയില്ല. കൂടാതെ ഇത് അനേകം ദൈവങ്ങളുടെ പ്രവർത്തനഫലമല്ലെന്നതിനും ഇതേ വ്യവസ്ഥ തന്നെ തെളിവത്രെ. അതെ, ഭൂമി, വെള്ളം, സൂര്യൻ, സല്യലതാദികൾ, ജീവജാലങ്ങൾ, മനുഷ്യരാശി എന്നിവയുടെയെല്ലാം സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവത്തിന്റെ വ്യവസ്ഥയാണിതെന്നു മാത്രമല്ല, അങ്ങനെ മാത്രമേ ആകാൻ നിർവാഹമുള്ളൂ. ഇവയോരോന്നിനും പ്രത്യേകം പ്രത്യേകം ദൈവങ്ങളാണുള്ളതെങ്കിൽ ഇത്ര സമഗ്രവും സൂക്ഷ്മവും അങ്ങേയറ്റം യുക്തിനിഷ്ഠവുമായ യോജിപ്പോടുകൂടിയ ഒരാസൂത്രണം രൂപംകൊള്ളുകയും കോടിക്കണക്കിൽ വർഷങ്ങളായി ഇത്ര വ്യവസ്ഥാപിതമായി നിലനിന്നുവരികയും ചെയ്യുകയെന്നത് എങ്ങനെ സങ്കൽപിക്കാൻ കഴിയും

| وَالْجِبَالَ أَرْسَاهَا﴿٣٢﴾<br>വൽ ജിബാല അർസാഹാ | |
|---|---|
| أَرْسَاهَا | وَالْجِبَالَ |
| അർസാഹാ | വൽ ജിബാല |
| അവയെ ഉറപ്പിച്ചു നിർത്തി | മലകളെയും |

**32- അതിൽ മലകളെ ഉറപ്പിച്ചു നിർത്തി.**

ഭൂമിയിൽ ഉറപ്പിച്ചു നിർത്തിയ ഭീമാകാരങ്ങളായ പർവ്വതങ്ങൾ മനം കുളിക്കുന്ന പ്രകൃതിയിലെ കാഴ്ചയാണ്. ഭൂമിയുടെയും അതിലെ ജീവന്റെയും നിലനിൽപിന് പർവ്വതങ്ങൾ അത്യന്താപേക്ഷിതമാണ്.

ഭൗമ പാളികളെ ഉറപ്പിച്ചു നിർത്തുന്നത് കീലുകളായി ഉറപ്പിക്കപെട്ട പർവ്വതങ്ങളാണ്. പർവ്വതങ്ങൾ മേഘങ്ങളെ രൂപപ്പെടുത്തുകയും കാറ്റിനെ തടയുകയും ചെയ്യുന്നു. അഥവാ പർവ്വതങ്ങൾ മഴയുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. അത് പോലെ പർവ്വതത്തിന്റെ ഘടന ജലം ശുദ്ധീകരിക്കാൻ വളരെയേറെ സഹായകരമാകുന്നു. പർവ്വതങ്ങളിലാണ് ജലം

വലിയൊരളവിൽ ഹിമമായി ശേഖരിക്കപ്പെട്ടുകയും പിന്നീട് ഉഷ്ണ കാലത്ത് താഴ്‌വരയിലെ നദികളിലൂടെ ജീവജലമായി ഒഴുകുന്നതും.

| مَتَاعًا لَّكُمْ وَلِأَنْعَامِكُمْ ﴿٣٣﴾<br>മതാഅൻ ലകും വലി അൻആമികും | | |
|---|---|---|
| وَلِأَنْعَامِكُمْ | لَّكُمْ | مَتَاعًا |
| വലി അൻആമികും | ലകും | മതാഅൻ |
| നിങ്ങളുടെ കന്നുകാലികൾക്കും | നിങ്ങൾക്ക് | വിഭവമായി |

**33- നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും വിഭവമായി.**

ഈ സൂക്തങ്ങളിൽ അന്ത്യനാളിനും മരണാനന്തര ജീവിതത്തിനും രണ്ടു സ്വഭാവത്തിലുള്ള തെളിവുകൾ പറഞ്ഞിരിക്കുന്നു.

ഒന്ന്: ഈ പ്രവിശാലമായ മഹാ പ്രപഞ്ചത്തെ ഇത്രയും അത്ഭുതകരമായ സന്തുലിതത്വത്തോടെ, ഈ ഭൂമിയെ ഇക്കാണുന്ന സാധനസാമഗ്രികളോടെ നിർമിച്ച ദൈവികശക്തിക്ക് അതു രണ്ടാമതും സംഭവ്യമാക്കുക ഒട്ടും പ്രയാസകരമല്ല.

രണ്ട്: ഈ പ്രപഞ്ചത്തിലും ഭൂമിയിലും തെളിഞ്ഞുകാണുന്ന അല്ലാഹുവിന്റെ അപാരമായ യുക്തിജ്ഞാനത്തിന്റെ അടയാളങ്ങൾ, ഇവിടെ യാതൊന്നും അലക്ഷ്യമായി ഉണ്ടായതല്ല എന്നു വിളിച്ചോതുന്നുണ്ട്. ഉപരിലോകത്തുള്ള എണ്ണമില്ലാത്ത നക്ഷത്രങ്ങളും ഗ്രഹങ്ങളും ക്ഷീരപഥങ്ങളും പരസ്പരം നിലനിർത്തിപ്പോരുന്ന സന്തുലിതത്വം, അവയൊന്നും തന്നെ അന്ധമായും ആകസ്മികമായും ഉണ്ടായതല്ലെന്നും വളരെ ആസൂത്രിതമായ ഒരു പദ്ധതി അവയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു. ദിനരാത്രചക്രത്തിന്റെ ചട്ടപ്പടിയുള്ള ഈ കറക്കം, ഭൂമി ജന്തുജാലങ്ങൾക്കു വാസയോഗ്യമാകുന്നതിനുവേണ്ടി തികഞ്ഞ ജ്ഞാനത്തോടെ സ്ഥാപിച്ച വ്യവസ്ഥയാണതെന്നതിനു സാക്ഷ്യം വഹിക്കുന്നു. ഈ ഭൂമിയിൽതന്നെ 24 മണിക്കൂറുകൊണ്ട് രാപകൽ മാറിവരുന്ന മേഖലകളുണ്ട്. വളരെ നീണ്ട രാവും വളരെ നീണ്ട പകലുകളുമുള്ള മേഖലകളുമുണ്ട്. ഭൂമിയിലെ മനുഷ്യവാസത്തിന്റെ ഏറിയ ഭാഗവും ആദ്യം പറഞ്ഞ മേഖലയിലാണ്. രാത്രിയും പകലും വളരെ ദീർഘിച്ച മേഖലകളിൽ ജീവിതം ഏറെ ദുഷ്കരമാകുന്നു. അവിടെ മനുഷ്യവാസം വിരളമാണ്. എത്രത്തോളമെന്നാൽ, പകൽ ആറു മാസവും രാവ് ആറു മാസവുമുള്ള ഭൂഭാഗങ്ങൾ തീരെ ജനവാസയോഗ്യമല്ല. ഈ ഭൂമിയിൽതന്നെ ഈ രണ്ടു മാതൃകകളും കാണിച്ചുതന്നിട്ട് അല്ലാഹു സാക്ഷ്യപ്പെടുത്തുന്ന യാഥാർഥ്യമിതാകുന്നു: രാപകലുകളുടെ ക്രമപ്രകാരമുള്ള ഈ സംവിധാനം കേവലം യാദൃച്ഛികമൊന്നുമല്ല. ഇത് ഭൂമിയെ മനുഷ്യവാസയോഗ്യമാക്കുന്നതിനു വേണ്ടി കണിശമായി തയ്യാർ ചെയ്തതാണ്. ഭൂമി സുഗമമായ പാർപ്പിടയോഗ്യമാകുമാറ് പരന്ന പ്രതലമായത്, മനുഷ്യർക്കും ജന്തുക്കൾക്കും കുടിക്കാനും സസ്യങ്ങൾക്ക് വളരാനും പറ്റിയ ജലമുണ്ടാക്കിയത്, അതിൽ പർവതങ്ങളുണ്ടായത്, മനുഷ്യർക്കും ജന്തുക്കൾക്കും ജീവിതം നയിക്കാനുള്ള ഉപാധികളായിത്തീരുന്ന എല്ലാ വസ്തുക്കളാലും ഭൂമി സുസജ്ജമായത്- ഇതൊക്കെയും ഈ സംവിധാനം യാദൃച്ഛികമായി ഉണ്ടായതോ ഏതെങ്കിലും വിനോദപ്രിയൻ അലക്ഷ്യമായി നിർമിച്ചുവിട്ടതോ അല്ല എന്നതിന്റെ വ്യക്തമായ ലക്ഷണമാകുന്നു. അവയിലോരോ കാര്യവും അഭിജ്ഞമായ ഒരസ്തിത്വം സോദ്ദേശ്യം ചെയ്തിട്ടുള്ളതാണ്.

ഇനി സാമാന്യബുദ്ധിയുള്ള ആരും സ്വയം ആലോചിച്ചു നോക്കട്ടെ, പരലോകമുണ്ടാവുക എന്നതാണോ ഇല്ലാതിരിക്കുക എന്നതാണോ യുക്തിസഹമായിട്ടുള്ളത്? ഇതൊക്കെ കണ്ടിട്ടും പരലോകം ഉണ്ടാവില്ല എന്നു വാദിക്കുന്നവൻ വാദിക്കുന്നത് ഏതാണ്ടിങ്ങനെയാണ്: ഇവിടെ എല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് യുക്ത്യാധിഷ്ഠിതമായും സോദ്ദേശ്യമായുമാകുന്നു. എന്നാൽ, ഭൂമിയിൽ മനുഷ്യനെ ബോധവും സ്വാതന്ത്ര്യവുമുള്ളവനാക്കി സൃഷ്ടിച്ചത് അയുക്തികമായും അലക്ഷ്യമായുമത്രേ. കാരണം, ഈ ഭൂമിയിൽ വിപുലമായ കൈകാര്യാധികാരം നൽകിക്കൊണ്ട് മനുഷ്യന് നല്ലതും ചീത്തയുമായ സകല കാര്യങ്ങളും ചെയ്യാൻ അവസരം കൊടുക്കുകയും എന്നിട്ട് അതേക്കുറിച്ച് ഒരിക്കലും അവൻ വിചാരണ ചെയ്യപ്പെടാതിരിക്കുകയും ചെയ്യുക എന്നതിനെക്കാൾ യുക്തിശൂന്യവും ലക്ഷ്യരഹിതവുമായ കാര്യം വേറെന്താണുള്ളത്!

| فَإِذَا جَاءَتِ الطَّامَّةُ الْكُبْرَىٰ﴿٣٤﴾<br>ഫ ഇദാ ജാഅതി ത്വാമ്മതുൽ കുബ്റാ | | |
|---|---|---|
| الْكُبْرَىٰ | الطَّامَّةُ | فَإِذَا جَاءَتِ |
| അൽ കുബ്റാ | അത്വാമ്മത് | ഫ ഇദാ ജാഅത് |
| ഘോര | വിപത്ത് | എന്നാൽ വന്നെത്തിയാൽ |

### 34- എന്നാൽ ആ ഘോര വിപത്ത് വന്നെത്തിയാൽ!

അന്ത്യനാളാണിതുകൊണ്ടുദ്ദേശിക്കുന്നത്. നിഷേധികളെ സംബന്ധിച്ച് സർവവ്യാപിയായ മഹാവിപത്തായിരിക്കും ആ ദിനം. ആ നാളിന്റെ കഠോരത മനസ്സിലുണർത്താൻ പദങ്ങൾ അപര്യാപ്തമാണ്.

| يَوْمَ يَتَذَكَّرُ الْإِنسَانُ مَا سَعَىٰ﴿٣٥﴾<br>യൗമ യതദക്കറുൽ ഇൻസാനു മാ സഅാ | | | |
|---|---|---|---|
| مَا سَعَىٰ | الْإِنسَانُ | يَتَذَكَّرُ | يَوْمَ |
| മാ സഅാ | അൽ ഇൻസാനു | യതദക്കറു | യൗമ |
| പ്രയത്നിച്ചത് | മനുഷ്യൻ | ഓർക്കുന്നു | ദിനം |

### 35- മനുഷ്യൻ താൻ പ്രയത്നിച്ചു നേടിയതിനെക്കുറിച്ചോർക്കുന്ന ദിനം!

അതായത്, താൻ ഭൗതിക ജീവിതത്തിൽ മുന്നറിയിപ്പു നൽകപ്പെട്ടിരുന്ന വിചാരണനാൾ തന്നെയാണ് വന്നെത്തിയിരിക്കുന്നതെന്ന് മനുഷ്യൻ കാണുമ്പോൾ, ആദ്യമായി അവന്റെ കർമപുസ്തകം കൈയിൽ കൊടുക്കുന്നു. അതുവഴി താൻ ഈ ലോകത്ത് ചെയ്ത ഓരോരോ ചലനങ്ങളും അവന് ഓർമ വരുന്നു. ചിലർക്ക് ഈ അനുഭവം ഭൗതികജീവിതത്തിൽ തന്നെ ഉണ്ടാകാറുണ്ട്. ആകസ്മികമായി മഹാവിപത്തുകളുടെ മുന്നിലെത്തിപ്പെടുകയും മരണം ആസന്നമായതായി തോന്നുകയും ചെയ്യുമ്പോൾ അവർക്ക് ജീവിതത്തിന്റെ ഒരു മുഴുനീളചിത്രം ഒരു നിമിഷംകൊണ്ട് സ്വന്തം മനക്കണ്ണിനു മുമ്പിൽ തെളിയുന്നു

| وَبُرِّزَتِ الْجَحِيمُ لِمَن يَرَىٰ﴿٣٦﴾<br>വ ബുരിസത്തിൽ ജഹീമു ലിമൻ യറാ | | |
|---|---|---|
| لِمَن يَرَىٰ | الْجَحِيمُ | وَبُرِّزَتِ |
| ലിമൻ യറാ | അൽ ജഹീമു | വ ബുരിസത് |

| | | |
|---|---|---|
| കാഴ്ചക്കാർക്കായി | നരകം | തുറന്നുവെക്കപ്പെടുകയും ചെയ്യുന്നു |

**36- കാഴ്ചക്കാർക്കായി നരകം തുറന്നുവെക്കപ്പെടുകയും ചെയ്യുന്നു.**

| فَأَمَّا مَن طَغَىٰ﴿٣٧﴾<br>ഫ അമ്മാ മൻ ത്വഗാ | |
|---|---|
| مَن طَغَىٰ | فَأَمَّا |
| മൻ ത്വഗാ | ഫ അമ്മാ |
| ആർ അതിക്രമം കാണിച്ചു | അപ്പോൾ |

**37- അപ്പോൾ; ആർ അതിക്രമം കാണിക്കുകയും,**

| وَآثَرَ الْحَيَاةَ الدُّنْيَا﴿٣٨﴾<br>വ ആസറൽ ഹയാത്തദ്ദുൻയാ | | |
|---|---|---|
| الدُّنْيَا | الْحَيَاةَ | وَآثَرَ |
| അദ്ദുൻയാ | അൽ ഹയാത്ത | വ ആസറ |
| ഇഹ ലോകം | ജീവിതം | പ്രാധാന്യം നൽകുകയും ചെയ്തു |

**38- ഈ ലോക ജീവിതത്തിന് അളവറ്റ പ്രാധാന്യം നൽകുകയും ചെയ്തുവോ,**

| فَإِنَّ الْجَحِيمَ هِيَ الْمَأْوَىٰ﴿٣٩﴾<br>ഫ ഇന്നൽ ജഹീമ ഹിയൽ മ1\വാ | | |
|---|---|---|
| الْمَأْوَىٰ | هِيَ | فَإِنَّ الْجَحِيمَ |
| അൽ മ1\വാ | ഹിയ | ഫ ഇന്നൽ ജഹീമ |
| സങ്കേതം | അത് | അതിനാൽ നരകം തന്നെയാകുന്നു |

**39- അവന്റെ സങ്കേതം കത്തിക്കാളുന്ന നരകം തന്നെയാകുന്നു.**

| وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَىٰ﴿٤٠﴾<br>വ അമ്മാമൻ കാഫ മഖാമ റബ്ബിഹി വ നഹാന്നഫ്സ അനിൽ ഹവാ | | | | |
|---|---|---|---|---|
| عَنِ الْهَوَىٰ | النَّفْسَ | وَنَهَى | مَقَامَ رَبِّهِ | وَأَمَّا مَنْ خَافَ |
| അനിൽ ഹവാ | അന്നഫ്സ | വ നഹാ | മഖാമ റബ്ബിഹി | വ അമ്മാമൻ കാഫ |
| ദുർമോഹങ്ങളിൽനിന്ന് | ആത്മാവിനെ | വിലക്കുകയും ചെയ്തു | തന്റെ നാഥന്റെ സമക്ഷമുള്ള നിർത്തം | എന്നാൽ ആർ ഭയന്നാൽ |

**40- എന്നാൽ ആർ തന്റെ നാഥന്റെ സമക്ഷം നിൽക്കേണ്ടിവരുന്നതിനെ ഭയപ്പെടുകയും ആത്മാവിനെ ദുർമോഹങ്ങളിൽനിന്നകറ്റി നിർത്തുകയും ചെയ്തുവോ,**

| فَإِنَّ الْجَنَّةَ هِيَ الْمَأْوَىٰ ﴿٤١﴾<br>ഫ ഇന്നൽ ജന്നത്ത ഹിയൽ മ1\വാ | | |
|---|---|---|
| الْمَأْوَىٰ | هِيَ | فَإِنَّ الْجَنَّةَ |
| അൽ മ1\വാ | ഹിയ | ഫ ഇന്നൽ ജന്നത്ത |
| മടക്കസ്ഥാനം | അത് | ഉറപ്പായും സ്വർഗ്ഗം |

**41- ഉറപ്പായും അവന്റെ മടക്കസ്ഥാനം സ്വർഗമാണ്.**

പരലോകത്തെ അന്തിമവിധിക്കാധാരമാവുക എന്തായിരിക്കും എന്നാണ് ഏതാനും കൊച്ചു വാക്യങ്ങളിലൂടെ ഇവിടെ വ്യക്തമാകുന്നത്. ഭൗതികജീവിതത്തിൽ മനുഷ്യൻ സ്വീകരിക്കുന്ന നിലപാടുകളിലൊന്നിതാണ്. ദൈവത്തോടുള്ള അടിമത്തത്തിന്റെ പരിധികൾ ലംഘിച്ച്, അവനെ ധിക്കരിച്ച് ഭൗതികലോകത്ത് തനിക്കാവശ്യമുള്ള നേട്ടങ്ങളും സുഖങ്ങളും ഏതു വിധേനയും കരസ്ഥമാക്കുക. മറ്റൊരു നിലപാടിതാണ്: ഒടുവിലൊരുനാൾ തന്റെ നാഥന്റെ സമക്ഷത്തിൽ ചെന്നു നിൽക്കണം എന്ന ലക്ഷ്യത്തോടെ ഭൗതികലോകത്തു ജീവിക്കുകയും ദുഷിച്ച ജഡികേച്ഛകൾ പൂർത്തീകരിക്കുന്നതിൽനിന്ന്, ഇവിടെ ജഡികേച്ഛയ്ക്കടിപ്പെട്ട് അന്യായമായ നേട്ടങ്ങളാർജിക്കുകയോ അവിഹിതസുഖങ്ങളനുഭവിക്കുകയോ ചെയ്താൽ നാളെ നാഥനോട് സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന വിചാരത്തോടെ അകന്നുനിൽക്കുകയും ചെയ്യുക. ഈ രണ്ടു നിലപാടുകളിൽ ഒരുവൻ സ്വീകരിച്ച നിലപാട് ഏത് എന്നതിനെ ആധാരമാക്കിയായിരിക്കും അന്തിമവിധിയുണ്ടാവുക. ആദ്യത്തെ നിലപാടു സ്വീകരിച്ചവന്റെ ശാശ്വതസങ്കേതം നരകമാകുന്നു; രണ്ടാമത്തെ നിലപാടു സ്വീകരിച്ചവന്റെ നിത്യഗൃഹം സ്വർഗവും.

| يَسْأَلُونَكَ عَنِ السَّاعَةِ أَيَّانَ مُرْسَاهَا ﴿٤٢﴾<br>യസ്അലൂനക അനിസ്സാഅത്തി അയ്യാന മുർസാഹാ | | | |
|---|---|---|---|
| مُرْسَاهَا | أَيَّانَ | عَنِ السَّاعَةِ | يَسْأَلُونَكَ |
| ർസാഹാ | അയ്യാന | അനിസ്സാഅത്തി | യസ്അലൂനക |
| അതിന്റെ<br>സംഭവിക്കൽ | എപ്പോഴാണ് | അന്ത്യ സമയത്തെ<br>സംബന്ധിച്ച് | അവർ നിന്നോട്<br>ചോദിക്കുന്നു |

**42- ആ അന്ത്യ സമയത്തെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. അതെപ്പോഴാണുണ്ടാവുകയെന്ന്.**

മക്കയിലെ നിഷേധികൾ റസൂൽ തിരുമേനിയോട് ഈ ചോദ്യം ആവർത്തിച്ചു ചോദിക്കാറുണ്ടായിരുന്നു. അന്ത്യനാളിന്റെ നാളും തിയ്യതിയും അറിയുക എന്നതല്ല അതിന്റെ ഉദ്ദേശ്യം. അവർ തിരുമേനിയെയും അദ്ദേഹം മുന്നറിയിപ്പു നൽകിയ പുനരുത്ഥാനത്തെയും പരിഹസിക്കുകയായിരുന്നു. എന്നല്ല, അതിന്റെ ആഗമനം അസംഭവ്യവും യുക്തിവിരുദ്ധവുമായിട്ടാണ് അവർ കരുതിയിരുന്നത്. അന്ത്യനാളിനെയും ഉയിർത്തെഴുന്നേൽപിനെയും തള്ളിക്കളയാൻ കൈയിൽ കിട്ടിയ ഒരു തന്ത്രം എന്ന നിലയ്ക്കായിരുന്നു അവരീ ചോദ്യം ഉന്നയിച്ചിരുന്നത്. അതിന്റെ താത്പര്യമിതാണ്: നിങ്ങൾ പറയുന്ന ഉയിർത്തെഴുന്നേൽപിന്റെയും വിചാരണാസഭയുടെയും വിചിത്രമായ ഈ കഥയുണ്ടല്ലോ, അതെപ്പോഴാണ് സംഭവിക്കുന്നത്? ഏത് കാലത്തേക്കാണ് അത്

നീട്ടിവെച്ചിരിക്കുന്നത്? ഞങ്ങൾക്കത് ബോധ്യപ്പെടുത്തുന്നതിന് എന്തുകൊണ്ടത് ഞങ്ങളുടെ കൺമുന്നിൽ കൊണ്ടുവരുന്നില്ല?

ഈ വിഷയകമായി ഒരു കാര്യം സവിശേഷം മനസ്സിലാക്കേണ്ടതുണ്ട്. ഒരാൾ ഉയിർത്തെഴുന്നേൽപിനെ അംഗീകരിക്കുന്നുവെങ്കിൽ ബുദ്ധിപരമായ തെളിവുകളിലൂടെയാണ് അംഗീകരിക്കുക. ഖുർആൻ പല സ്ഥലങ്ങളിലും ആ തെളിവുകൾ വിശദമായി അവതരിപ്പിച്ചിട്ടുണ്ട്. ഉയിർത്തെഴുന്നേൽപിന്റെ നാളും തിയ്യതിയും സംബന്ധിച്ച ചോദ്യം ഉന്നയിക്കുക തീരെ അജ്ഞരായ മനുഷ്യരാണ്. എന്തുകൊണ്ടെന്നാൽ, അത് വെളിപ്പെടുത്തപ്പെട്ടു എന്നു വെക്കുക; എന്നാൽത്തന്നെ അവരിൽ യാതൊരു വ്യത്യാസവുമുണ്ടാകുന്നില്ല. അപ്പോൾ അവിശ്വാസികൾ പറയുക ഇങ്ങനെയായിരിക്കും: നിങ്ങൾ പറഞ്ഞ തിയ്യതിക്ക് ഉയിർത്തെഴുന്നേൽപുണ്ടാവുകയാണെങ്കിൽ അപ്പോൾ ഞങ്ങൾ വിശ്വസിക്കാം. അല്ലാതെ ആ തിയ്യതിക്കത് സംഭവിക്കുമെന്ന് ഇന്ന് ഞങ്ങൾ എങ്ങനെ ഉറപ്പിക്കും?

| فِيمَ أَنتَ مِن ذِكْرَاهَا﴿٤٣﴾<br>ഫീമ അൻത മിൻ ദിക്റാഹാ | |
|---|---|
| مِن ذِكْرَاهَا | فِيمَ أَنتَ |
| മിൻ ദിക്റാഹാ | ഫീമ അൻത |
| അതേക്കുറിച്ച് പറയാൻ | നിനക്കെന്ത് |

**43- നീ അതേക്കുറിച്ച് എന്തുപറയാനാണ്?**

| إِلَىٰ رَبِّكَ مُنتَهَاهَا﴿٤٤﴾<br>ഇലാ റബ്ബിക മുൻതഹാഹാ | |
|---|---|
| مُنتَهَاهَا | إِلَىٰ رَبِّكَ |
| മുൻതഹാഹാ | ഇലാ റബ്ബിക |
| അതിന്റെ ഒടുക്കം | നിന്റെ നാഥങ്കലേക്ക് |

**44- അതേക്കുറിച്ച് അന്തിമമായ അറിവ് നിന്റെ നാഥങ്കൽ മാത്രമത്രെ.**

അടിസ്ഥാന ചോദ്യത്തിന്റെ ഉത്തരമാണിത്, അതിന്റെ സമയം സംബന്ധിച്ച ജ്ഞാനം അല്ലാഹുവിങ്കലാണ് എന്നാണ്. മനുഷ്യന്റെ കടുത്ത അഭിവാഞ്ഛകളുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചുപോലും അവന് ജ്ഞാനമില്ല. എന്നിരിക്കെ അഖിലലോകത്തിന്റെയും പര്യവസാനം എപ്പോൾ സംഭവിക്കുമെന്ന് അവൻ എങ്ങനെ അറിയാനാണ്? നാളെ നിങ്ങൾക്കുതന്നെ എന്താണ് സംഭവിക്കാൻ പോകുന്നതെന്നുപോലും നിങ്ങൾക്കറിഞ്ഞുകൂടാ. ഒരാകസ്മിക സംഭവം നിങ്ങളുടെ ഭാഗധേയം കീഴ്മേൽ മറിച്ചുകൂടെന്നില്ല. അതിന് ഒരുനിമിഷം മുമ്പുവരെ നിങ്ങളതേക്കുറിച്ച് അജ്ഞരാണ്. നിങ്ങളുടെ ഈ ജീവിതം എവിടെ എങ്ങനെ പര്യവസാനിക്കുമെന്നതിനെക്കുറിച്ചും നിങ്ങൾ തികഞ്ഞ അജ്ഞരാണ്. ഈ വിവരങ്ങളെല്ലാം അല്ലാഹു സ്വസന്നിധിയിൽ സൂക്ഷിച്ചിരിക്കുന്നു. അവയിൽ ഒരു വിവരവും നിങ്ങൾക്ക് തന്നിട്ടില്ല. അതിൽ ഓരോ കാര്യവും അറിയുകയാണെങ്കിൽ നിങ്ങൾക്ക് തക്കസമയത്ത് ഒരുങ്ങിയിരിക്കാമായിരുന്നു. പക്ഷേ, ഇക്കാര്യങ്ങളിലെല്ലാം അല്ലാഹുവിന്റെ വിധിയിലും നിശ്ചയത്തിലും ഭരമേൽപിക്കുകയല്ലാതെ മനുഷ്യന് ഗത്യന്തരമില്ല. അപ്രകാരംതന്നെ

ലോകാവസാനത്തെക്കുറിച്ചും അല്ലാഹുവിന്റെ തീരുമാനത്തിൽ വിശ്വസിക്കുകയേ വഴിയുള്ളൂ. അത്തരം ജ്ഞാനം ആർക്കും നൽകപ്പെട്ടിട്ടില്ല.

| إِنَّمَا أَنتَ مُنذِرُ مَن يَخْشَاهَا﴿٤٥﴾<br>ഇന്നമാ അൻത മുൻദിറു മൻ യക്ശാഹാ | | |
|---|---|---|
| مَن يَخْشَاهَا | مُنذِرُ | إِنَّمَا أَنتَ |
| മൻ യക്ശാഹാ | മുൻദിറു | ഇന്നമാ അൻത |
| അതിനെ ഭയക്കുന്നവർക്കുള്ള | താക്കീതുകാരൻ | നീ മാത്രമാണ് |

**45- നീ അതിനെ ഭയക്കുന്നവർക്കുള്ള താക്കീതുകാരൻ മാത്രം!**

അതായത്, ഉയിർത്തെഴുന്നേൽപ് തീർച്ചയായും സംഭവിക്കുമെന്ന് എനിക്കറിയാം. ജനങ്ങളെ അതിന്റെ ആഗമനം സംബന്ധിച്ച് താക്കീതു ചെയ്യുവാൻ അത്രയും അറിഞ്ഞാൽ മതി. അതെപ്പോഴാണ് സംഭവിക്കുക എന്ന കാര്യം അല്ലാഹുവിനു മാത്രമേ അറിയൂ; എനിക്കറിയില്ല. താക്കീത് ചെയ്യുവാൻ അതറിയേണ്ട കാര്യവുമില്ല. ഉദാഹരണത്തിന്, ഒരാൾ എപ്പോഴാണ് മരിക്കുകയെന്ന് അല്ലാഹുവല്ലാതെ മറ്റാരുമറിയുന്നില്ല. ഓരോ മനുഷ്യനും ഒരു നാൾ മരിച്ചുപോകുമെന്ന് മാത്രമേ നമുക്കറിയൂ. നമ്മുടെ സൂക്ഷ്മതയില്ലാത്ത ഒരു സുഹൃത്തിനെ അയാളുടെ മരണാനന്തര ഗുണത്തിനുവേണ്ടി ഏർപ്പാടുകൾ ചെയ്യുവാൻ ഉപദേശിക്കുന്നതിന് നമുക്കീ അറിവുതന്നെ മതിയാകുന്നു. ഇങ്ങനെ ഉപദേശിക്കുന്നതിന് അയാൾ എന്നാണ് മരിക്കുകയെന്ന് നാം അറിയേണ്ടതില്ല.

ഇവിടെ, താങ്കൾ അതിനെ ഭയപ്പെടുന്നവർക്കുള്ള മുന്നറിയിപ്പുകാരനാണ് എന്നു പറഞ്ഞതിനർഥം ഭയപ്പെടാത്തവർക്ക് മുന്നറിയിപ്പ് നൽകാൻ താങ്കൾക്ക് ചുമതലയില്ല എന്നല്ല; പ്രത്യുത, മുന്നറിയിപ്പ് നൽകുന്നതുകൊണ്ടുള്ള പ്രയോജനം അതിനെ ഭയപ്പെടുന്നവർക്കു മാത്രമേ ലഭിക്കൂ എന്നാണ്

| كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوا إِلَّا عَشِيَّةً أَوْ ضُحَاهَا﴿٤٦﴾<br>ക അന്നഹും യൗമ യറൗനഹാ ലം യല്ബസൂ ഇല്ലാ ഗശിയ്യതൻ ഔ ദുഹാഹാ | | | | |
|---|---|---|---|---|
| أَوْ ضُحَاهَا | إِلَّا عَشِيَّةً | لَمْ يَلْبَثُوا | يَوْمَ يَرَوْنَهَا | كَأَنَّهُمْ |
| ഔ ദുഹാഹാ | ഇല്ലാ ഗശിയ്യതൻ | ലം യല്ബസൂ | യൗമ യറൗനഹാ | കഅന്നഹും |
| അല്ലെങ്കിൽ പ്രഭാതമോ | സായാഹ്നമല്ലാതെ | അവർ താമസിച്ചിട്ടില്ല | അതിനെ അവർ കാണും നാൾ | അവർക്ക് തോന്നിപ്പോകും |

**46- അതിനെ അവർ കാണും നാൾ, ഇവിടെ ഒരു സായാഹ്നമോ പ്രഭാതമോ അല്ലാതെ താമസിച്ചിട്ടില്ലെന്ന് അവർക്ക് തോന്നിപ്പോകും.**

അവരുടെ മുമ്പിൽ ഒരുവശത്ത് ശാശ്വതമായ പാരത്രിക ജീവിതമിരിക്കുന്നു; മറുവശത്ത് അവർ അത് അവഗണിച്ച് ഇഹലോകത്തെ താൽക്കാലിക ജീവിതത്തിൽ മാത്രം ദൃഷ്ടി പതിപ്പിക്കുന്നു. ഭാവിയെ അപേക്ഷിച്ച് അത് എത്രമാത്രം നിസ്സാരമാണ്! അതിതുച്ഛമായ ഐഹികാനന്ദത്തിനും നേട്ടങ്ങൾക്കും വേണ്ടി അനശ്വരമായ പാരത്രിക നേട്ടങ്ങളെ അപകടപ്പെടുത്തിയത് എത്ര മാത്രം വിഡ്ഢിത്തമായിരുന്നുവെന്ന് അന്ന് അവർക്ക്

ബോധ്യപ്പെടും. ഇന്ന് സ്വന്തം ആഗ്രഹത്തിന് തികച്ചും വിരുദ്ധമായി അവർ പരലോകത്തെ ശാശ്വതജീവിതത്തിലേക്ക് കണ്ണ് തുറക്കുന്നു. അപാരമായ ആ ജീവിതത്തിലേക്ക് വേണ്ടി യാതൊന്നും അവർ തയ്യാർ ചെയ്തു വെച്ചിട്ടില്ല. ഈ അവസരത്തിൽ കടുത്ത ദുഃഖത്തോടെ ഐഹികജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി വിരൽ കടിക്കുകയാണ്. നാലുനാളത്തെ ആനന്ദത്തിനും ആഹ്ലാദത്തിനും ആഡംബരത്തിനും വേണ്ടി എന്നെന്നേക്കുമായി തങ്ങൾ സ്വന്തം കാലിൽ കോടാലിവെക്കുകയാണ് ചെയ്തതെന്ന് അപ്പോഴവർക്ക് ബോധ്യംവരുന്നു